

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്യ കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSAIDK 11/736/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 27/09/2021
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAIDK 11/736/2021 തീയ്യതി: 27/09/2021

ഇടുക്കി ജില്ലയിലെ വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 14-02-2020 മുതൽ 17-07-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. സ്നിഗ്ദ്ധ എസ്.	ഡെപ്യൂട്ടി ഡയറക്ടർ	12-07-2021	21-07-2021

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
12-07-2021	21-07-2021

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ എം.യു. സണ്ണി, ഓഡിറ്റ് ഓഫീസർ,
ശ്രീ ജോസഫ് ചാക്കോ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ മെജോ കെ. ജോർജ്ജ്, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ എബി എബ്രഹാം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ രാകേഷ് എം., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ഡെന്നീസ് ജോസഫ്, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. സെലിൻ വി.എം.	പ്രസിഡന്റ്	01-04-2020	29-12-2020
ശ്രീ. ജോർജ് പോൾ	പ്രസിഡന്റ്	30-12-2020	31-03-2021
ശ്രീമതി. മേരി പ്രഭ എ ഐ.	സെക്രട്ടറി-ഇൻ-ചാർജ്ജ്	01-04-2020	26-07-2020
ശ്രീ. വിദ്യാധരൻനായർ ബി.	സെക്രട്ടറി	03-09-2020	31-12-2020
ശ്രിമതി. മേരിപ്രഭ എ. ഐ.	സെക്രട്ടറി-ഇൻ-ചാർജ്ജ്	01-01-2021	17-01-2021
ശ്രീ. ജയറാംനായ്ക്കൻ ആർ.	സെക്രട്ടറി	18-01-2021	03-02-2021
		04-02-2021	31-03-2021

ശ്രീ. വി. കെ. രാജീവ്	സെക്രട്ടറി		
ശ്രീ. ശ്രീധരൻ എ	സെക്രട്ടറി	27-07-2020	05-08-2020
ശ്രീമതി. മേരിപ്രഭ എ. ഐ.	സെക്രട്ടറി-ഇൻ-ചാർജ്ജ്	06-08-2020	02-09-2020

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. അമൽ	അസി.എഞ്ചിനീയർ	01-04-2020	05-07-2020
ശ്രീമതി. സിൻസി മാത്യു	അസി.എഞ്ചിനീയർ	06-07-2020	31-03-2021
ശ്രീമതി. റാണി ജേക്കബ്	കൃഷി ഓഫീസർ	01-04-2020	31-03-2021
ശ്രീ. റെജികുമാർ	ക്ഷീരവികസന ഓഫീസർ	01-04-2020	31-03-2021
ഡോ. സിബി ജോർജ്	മെഡിക്കൽ ഓഫീസർ (ആരോഗ്യം)	01-04-2020	31-03-2021
ഡോ. നയനദാസ് എം.എൻ.	മെഡിക്കൽ ഓഫീസർ (ഹോമിയോ)	01-04-2020	31-03-2021
ഡോ. ഹസൻ	മെഡിക്കൽ ഓഫീസർ (ആയുർവേദം)	01-04-2020	31-03-2021
ശ്രീമതി. ശ്രീലത.കെ.	ഹെഡ്മിസ്ട്രസ്, ഗവ. യു.പി. സ്കൂൾ	01-04-2020	31-03-2021
ശ്രീമതി. ജിഷ.കെ. ജയിംസ്	വെറ്ററിനറി സർജൻ	01-04-2020	31-03-2021
ശ്രീമതി. ആലീസ്. എം.ജെ.	ഐ സി ഡി എസ് സൂപ്പർവൈസർ	01-04-2020	31-03-2021

--

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ് Written By: Majo K George (Senior Grade Auditor, On 23-07-2021) Last Updated By: Susaniamma Thomas (Audit Officer, On 24-09-2021)	1-1
2	ബജറ്റ് - ഫയൽ പരിപാലിച്ചിട്ടില്ല Written By: Majo K George (Senior Grade Auditor, On 23-07-2021) Last Updated By: Susaniamma Thomas (Audit Officer, On 24-09-2021)	1-1-1
3	നടപടി ക്രമങ്ങൾ പാലിക്കാതെ പുതുക്കിയ ബജറ്റ് പാസാക്കി Written By: Majo K George (Senior Grade Auditor, On 23-07-2021) Last Updated By: Susaniamma Thomas (Audit Officer, On 24-09-2021)	1-1-2
4	ബജറ്റും യഥാർത്ഥ കണക്കുകളും തമ്മിൽ വലിയ വ്യതിയാനം-ബജറ്റ് അവലോകനം നടത്തുന്നില്ല Written By: Majo K George (Senior Grade Auditor, On 23-07-2021) Last Updated By: Susaniamma Thomas (Audit Officer, On 24-09-2021)	1-1-3
5	വാർഷിക ധനകാര്യ പത്രിക Written By: M.U.Sunny (Audit Officer, On 14-07-2021) Last Updated By: Susaniamma Thomas (Audit Officer, On 24-09-2021)	1-2
6	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) Written By: M.U.Sunny (Audit Officer, On 14-07-2021) Last Updated By: Susaniamma Thomas (Audit Officer, On 24-09-2021)	1-3
7	ഗ്രാന്റ് വിനിയോഗം Written By: Majo K George (Senior Grade Auditor, On 25-07-2021) Last Updated By: Susaniamma Thomas (Audit Officer, On 24-09-2021)	1-4
8	പ്രത്യേകഘടകപദ്ധതി വികസന ഫണ്ട്-69 ശതമാനം മാത്രം ചെലവ് Written By: Majo K George (Senior Grade Auditor, On 25-07-2021) Last Updated By: Susaniamma Thomas (Audit Officer, On 24-09-2021)	1-4-1
9	പട്ടിക വർഗ്ഗ വികസന ഫണ്ട്-65 ശതമാനം മാത്രം ചെലവ് Written By: Majo K George (Senior Grade Auditor, On 25-07-2021) Last Updated By: Susaniamma Thomas (Audit Officer, On 25-09-2021)	1-4-2
10	റോഡിതര സംരക്ഷണ ഗ്രാന്റ് ചെലവ് 75 ശതമാനം മാത്രം Written By: Majo K George (Senior Grade Auditor, On 25-07-2021) Last Updated By: Susaniamma Thomas (Audit Officer, On 24-09-2021)	1-4-3
11	ഫണ്ട് വിനിയോഗിക്കുന്നതിൽ വീഴ്ച - സ്പിൽ ഓവർ പ്രോജക്ടുകൾക്കുള്ള അധിക വിഹിതം നഷ്ടമായി Written By: Majo K George (Senior Grade Auditor, On 25-07-2021) Last Updated By: Susaniamma Thomas (Audit Officer, On 24-09-2021)	1-4-4
12	പദ്ധതി അവലോകനം Written By: Majo K George (Senior Grade Auditor, On 23-07-2021) Last Updated By: Susaniamma Thomas (Audit Officer, On 24-09-2021)	1-5
13	വർക്കിംഗ് ഗ്രൂപ്പുകൾ ക്രിയാത്മകമായി പ്രവർത്തിക്കുന്നില്ല Written By: Majo K George (Senior Grade Auditor, On 23-07-2021) Last Updated By: Susaniamma Thomas (Audit Officer, On 24-09-2021)	1-5-1
14	സ്റ്റാന്റിംഗ് കമ്മിറ്റികൾ ക്രിയാത്മകമായി പ്രവർത്തിക്കുന്നില്ല. Written By: Majo K George (Senior Grade Auditor, On 23-07-2021) Last Updated By: Susaniamma Thomas (Audit Officer, On 24-09-2021)	1-5-2
15	പദ്ധതി കാര്യക്ഷമമായി നടക്കുന്നില്ല Written By: Majo K George (Senior Grade Auditor, On 23-07-2021) Last Updated By: Susaniamma Thomas (Audit Officer, On 24-09-2021)	1-5-3
16	വ്യക്തമായ കാരണങ്ങൾ രേഖപ്പെടുത്താതെ വാർഷിക പദ്ധതിയിൽ മാറ്റം വരുത്തുന്നു Written By: Majo K George (Senior Grade Auditor, On 03-08-2021) Last Updated By: Susaniamma Thomas (Audit Officer, On 24-09-2021)	1-5-4
17	തൊഴിലുറപ്പ് പദ്ധതി Written By: M.U.Sunny (Audit Officer, On 14-07-2021) Last Updated By: Susaniamma Thomas (Audit Officer, On 24-09-2021)	1-6
18	ക്ഷേമപെൻഷൻ Written By: M.U.Sunny (Audit Officer, On 22-07-2021) Last Updated By: Susaniamma Thomas (Audit Officer, On 24-09-2021)	1-7
19	ക്യാഷ് പരിശോധന Written By: M.U.Sunny (Audit Officer, On 14-07-2021) Last Updated By: Susaniamma Thomas (Audit Officer, On 24-09-2021)	1-8
20	ആഭ്യന്തര നിയന്ത്രണം Written By: DENNIS JOSEPH (Auditor, On 02-08-2021) Last Updated By: Susaniamma Thomas (Audit Officer, On 24-09-2021)	1-9
21	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം Written By: M.U.Sunny (Audit Officer, On 14-07-2021) Last Updated By: Susaniamma Thomas (Audit Officer, On 24-09-2021)	1-10
22		1-11

	രജിസ്റ്ററുകളുടെ പരിപാലനം Written By: Majo K George (Senior Grade Auditor, On 25-07-2021) Last Updated By: Susaniamma Thomas (Audit Officer, On 24-09-2021)	
23	അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ Written By: Majo K George (Senior Grade Auditor, On 24-07-2021) Last Updated By: Susaniamma Thomas (Audit Officer, On 24-09-2021)	1-11-1
24	മുൻകൂർ രജിസ്റ്റർ Written By: Majo K George (Senior Grade Auditor, On 24-07-2021) Last Updated By: Binumon.K.C (Auditor, On 10-09-2021)	1-11-2
25	ഡെപ്പോസിറ്റ് രജിസ്റ്റർ Written By: Majo K George (Senior Grade Auditor, On 24-07-2021) Last Updated By: Binumon.K.C (Auditor, On 10-09-2021)	1-11-3
26	സ്റ്റോക്ക് രജിസ്റ്റർ Written By: Majo K George (Senior Grade Auditor, On 24-07-2021) Last Updated By: Binumon.K.C (Auditor, On 10-09-2021)	1-11-4
27	എഗ്രിമെന്റ് രജിസ്റ്റർ Written By: Majo K George (Senior Grade Auditor, On 24-07-2021) Last Updated By: Binumon.K.C (Auditor, On 10-09-2021)	1-11-5
28	സ്യൂട്ട് രജിസ്റ്റർ Written By: Majo K George (Senior Grade Auditor, On 24-07-2021) Last Updated By: Susaniamma Thomas (Audit Officer, On 25-09-2021)	1-11-6
29	ഓഡിറ്റ് ഒബ്ജഷൻ രജിസ്റ്റർ Written By: Majo K George (Senior Grade Auditor, On 24-07-2021) Last Updated By: Binumon.K.C (Auditor, On 10-09-2021)	1-11-7
30	ടെണ്ടർ രജിസ്റ്റർ Written By: Majo K George (Senior Grade Auditor, On 24-07-2021) Last Updated By: Binumon.K.C (Auditor, On 10-09-2021)	1-11-8
31	പ്രൊക്യർമെന്റ് കമ്മിറ്റി മിനിട്സ് Written By: Majo K George (Senior Grade Auditor, On 24-07-2021) Last Updated By: Susaniamma Thomas (Audit Officer, On 25-09-2021)	1-11-9
32	ആസ്തി പരിപാലനം-തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല Written By: Majo K George (Senior Grade Auditor, On 29-07-2021) Last Updated By: Susaniamma Thomas (Audit Officer, On 25-09-2021)	1-11-10
33	പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിപാലിക്കുന്നില്ല-വാർഷിക കണക്കുകളിലെ തുകകളുടെ കൃത്യത വ്യക്തമല്ല. Written By: Majo K George (Senior Grade Auditor, On 25-07-2021) Last Updated By: Susaniamma Thomas (Audit Officer, On 25-09-2021)	1-12
34	വിവിധ നികുതി വരവുകൾ - വാർഷികകണക്കുകളും ഡി.സി.ബി രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല Written By: Majo K George (Senior Grade Auditor, On 23-07-2021) Last Updated By: Susaniamma Thomas (Audit Officer, On 25-09-2021)	1-13
35	ബാദ്ധ്യതാ ശീർഷകത്തിലെ തുകകളെ സാധൂകരിക്കുന്ന രേഖകളില്ല Written By: Majo K George (Senior Grade Auditor, On 25-07-2021) Last Updated By: Susaniamma Thomas (Audit Officer, On 25-09-2021)	1-14
36	ജേണൽ എൻട്രികൾ മുഖേനയുള്ള ക്രമീകരണങ്ങൾക്ക് ആധാരമായ രേഖകൾ സൂക്ഷിച്ചിട്ടില്ല Written By: Majo K George (Senior Grade Auditor, On 25-07-2021) Last Updated By: Susaniamma Thomas (Audit Officer, On 25-09-2021)	1-15
37	തൊഴിൽ നികുതി രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കിയില്ല. Written By: DENNIS JOSEPH (Auditor, On 19-07-2021) Last Updated By: DENNIS JOSEPH (Auditor, On 02-08-2021)	1-16
38	പൈനാവ് ഗവ.യു.പി സ്കൂൾ-പൊളിച്ചുനീക്കം ചെയ്ത നിർമ്മാണ സാമഗ്രികളുടെ ലേലവുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല Written By: M.U.Sunny (Audit Officer, On 22-07-2021) Last Updated By: Susaniamma Thomas (Audit Officer, On 07-09-2021)	1-17
39	സാംഖ്യയിൽ ഡിമാന്റുകൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല Written By: Majo K George (Senior Grade Auditor, On 03-08-2021) Last Updated By: Majo K George (Senior Grade Auditor, On 03-08-2021)	1-18
40	താന്നിക്കണ്ടം തിയേറ്റർ പടി റോഡ് -കരാറുകാരന് അധികം തുക നൽകി Written By: M.U.Sunny (Audit Officer, On 22-07-2021) Last Updated By: Susaniamma Thomas (Audit Officer, On 25-09-2021)	1-19
41	നെല്ലിപ്പുഴക്കവല കുടിവെള്ള പദ്ധതി-ടെണ്ടർ കിഴിവ് വരുത്താത്തതുമൂലം കരാറുകാരന് അധികം തുക നൽകി Written By: M.U.Sunny (Audit Officer, On 22-07-2021) Last Updated By: Susaniamma Thomas (Audit Officer, On 25-09-2021)	1-20
42	മലേപ്പറമ്പിൽ പടി റോഡ് ടാറിംഗ്-ടെണ്ടർ കിഴിവ് വരുത്താത്തതു മൂലം കരാറുകാരന് അധികം തുക നൽകി	1-21

	Written By: M.U.Sunny (Audit Officer, On 22-07-2021) Last Updated By: Susaniamma Thomas (Audit Officer, On 25-09-2021)	
43	കൊലുമ്പൻ കോളനി പൈനാവ് റോഡ്-ആകെ പ്രവൃത്തി മൂല്യം എസ്റ്റിമേറ്റ് തുകയിൽ പരിമിതപ്പെടുത്താത്തതുമൂലം കരാറുകാരന് അധികം തുക നൽകി Written By: M.U.Sunny (Audit Officer, On 22-07-2021) Last Updated By: Susaniamma Thomas (Audit Officer, On 25-09-2021)	1-22
44	തടിയമ്പാട് കമ്മ്യൂണിറ്റി ഹാൾ പൂർത്തീകരണം-തനത് ഫണ്ടിൽ നിന്നും അധികം തുക പിൻവലിച്ചു Written By: M.U.Sunny (Audit Officer, On 22-07-2021) Last Updated By: Susaniamma Thomas (Audit Officer, On 25-09-2021)	1-23
45	തൊഴിലുറപ്പു പദ്ധതിയിലുൾപ്പെടുത്തിയുള്ള തൊഴുത്ത്,ആട്ടിൻകുട്ടി കൂട് നിർമ്മാണം-അപാകതകൾ Written By: M.U.Sunny (Audit Officer, On 22-07-2021) Last Updated By: Susaniamma Thomas (Audit Officer, On 25-09-2021)	1-24
46	ആധുനിക മാലിന്യ നിർമ്മാർജ്ജന പ്ലാന്റ്-തുക ഡെപ്പോസിറ്റ് ചെയ്തു നാലു വർഷങ്ങൾ കഴിഞ്ഞിട്ടും നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല Written By: M.U.Sunny (Audit Officer, On 22-07-2021) Last Updated By: Susaniamma Thomas (Audit Officer, On 25-09-2021)	1-25
47	മാലിന്യ സംസ്ക്കരണം-മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല Written By: Majo K George (Senior Grade Auditor, On 29-07-2021) Last Updated By: Susaniamma Thomas (Audit Officer, On 25-09-2021)	1-26
48	പി.എച്ച്.സി-യ്ക്ക് മരുന്ന് വാങ്ങൽ- സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല Written By: Rakesh M (Senior Grade Auditor, On 24-07-2021) Last Updated By: Susaniamma Thomas (Audit Officer, On 25-09-2021)	1-27
49	തെരുവ് വിളക്കുകൾ വാങ്ങൽ-സർക്കാർ നിർദേശങ്ങൾ പാലിച്ചിട്ടില്ല Written By: Majo K George (Senior Grade Auditor, On 25-07-2021) Last Updated By: Susaniamma Thomas (Audit Officer, On 25-09-2021)	1-28
50	തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി-സർക്കാർ നിർദേശങ്ങൾ പാലിക്കുന്നില്ല Written By: Majo K George (Senior Grade Auditor, On 25-07-2021) Last Updated By: Susaniamma Thomas (Audit Officer, On 25-09-2021)	1-29
51	പാലിയേറ്റീവ് കെയർ-ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല Written By: Rakesh M (Senior Grade Auditor, On 24-07-2021) Last Updated By: Susaniamma Thomas (Audit Officer, On 25-09-2021)	1-30
52	ഹോമിയോ ഡിസ്പൻസറിയ്ക്ക് മരുന്ന് വാങ്ങൽ - തുക നിക്ഷേപിച്ചിട്ടും മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല Written By: Rakesh M (Senior Grade Auditor, On 24-07-2021) Last Updated By: Susaniamma Thomas (Audit Officer, On 25-09-2021)	1-31
53	തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ്-സർക്കാർ നിർദേശം പാലിച്ചിട്ടില്ല Written By: Majo K George (Senior Grade Auditor, On 25-07-2021) Last Updated By: Susaniamma Thomas (Audit Officer, On 25-09-2021)	1-32
54	അസാധാരണ ചെലവുകൾ-സർക്കാർ നിർദേശങ്ങൾ പാലിക്കുന്നില്ല Written By: Majo K George (Senior Grade Auditor, On 23-07-2021) Last Updated By: Susaniamma Thomas (Audit Officer, On 25-09-2021)	1-33
55	എസ്.എസ്.എ വിഹിതം ഒടുക്കൽ-വിനിയോഗ വിവരം ലഭ്യമല്ല Written By: Majo K George (Senior Grade Auditor, On 23-07-2021) Last Updated By: Susaniamma Thomas (Audit Officer, On 25-09-2021)	1-34
56	കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ Written By: DENNIS JOSEPH (Auditor, On 17-09-2021) Last Updated By: Susaniamma Thomas (Audit Officer, On 25-09-2021)	1-35
57	സ്ഥിര നിക്ഷേപം Written By: Majo K George (Senior Grade Auditor, On 22-09-2021) Last Updated By: Susaniamma Thomas (Audit Officer, On 25-09-2021)	1-36
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
1	താന്നിക്കണ്ടം തിയേറ്റർ പടി റോഡ് -കരാറുകാരന് അധികം തുക നൽകി Written By: M.U.Sunny (Audit Officer, On 22-07-2021) Last Updated By: M.U.Sunny (Audit Officer, On 25-09-2021)	3-1
2	നെല്ലിപ്പുഴക്കവല കുടിവെള്ള പദ്ധതി-ടെണ്ടർ കിഴിവ് വരുത്താത്തതുമൂലം കരാറുകാരന് അധികം തുക നൽകി Written By: M.U.Sunny (Audit Officer, On 22-07-2021) Last Updated By: Susaniamma Thomas (Audit Officer, On 25-09-2021)	3-2
3	മലേപ്പറമ്പിൽ പടി റോഡ് ടാറിംഗ്-ടെണ്ടർ കിഴിവ് വരുത്താത്തതു മൂലം കരാറുകാരന് അധികം തുക നൽകി	3-3

	Written By: M.U.Sunny (Audit Officer, On 22-07-2021) Last Updated By: Susaniamma Thomas (Audit Officer, On 25-09-2021)	
4	കൊലുമ്പൻ കോളനി പൈനാവ് റോഡ്-ആകെ പ്രവൃത്തി മൂല്യം എസ്റ്റിമേറ്റ് തുകയിൽ പരിമിതപ്പെടുത്താത്തതുമൂലം കരാറുകാരന് അധികം തുക നൽകി Written By: M.U.Sunny (Audit Officer, On 22-07-2021) Last Updated By: Susaniamma Thomas (Audit Officer, On 25-09-2021)	3-4
5	തടിയമ്പാട് കമ്മ്യൂണിറ്റി ഹാൾ പൂർത്തീകരണം-തനതു ഫണ്ടിൽ നിന്നും അധികം തുക പിൻവലിച്ചു Written By: M.U.Sunny (Audit Officer, On 22-07-2021) Last Updated By: Susaniamma Thomas (Audit Officer, On 30-09-2021)	3-5
ഭാഗം 4		
1	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം*** Written By: M.U.Sunny (Audit Officer, On 14-07-2021) Last Updated By: Susaniamma Thomas (Audit Officer, On 25-09-2021)	4-1
2	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം *** Written By: M.U.Sunny (Audit Officer, On 14-07-2021) Last Updated By: Susaniamma Thomas (Audit Officer, On 25-09-2021)	4-2
3	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ Written By: M.U.Sunny (Audit Officer, On 14-07-2021) Last Updated By: Susaniamma Thomas (Audit Officer, On 08-09-2021)	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ Written By: M.U.Sunny (Audit Officer, On 14-07-2021) Last Updated By: M.U.Sunny (Audit Officer, On 14-07-2021)	4-4
5	വായ്പ/വായ്പ തിരിച്ചടവ് Written By: M.U.Sunny (Audit Officer, On 14-07-2021) Last Updated By: Susaniamma Thomas (Audit Officer, On 25-09-2021)	4-5
6	സ്ഥിര നിക്ഷേപം Written By: M.U.Sunny (Audit Officer, On 14-07-2021) Last Updated By: Susaniamma Thomas (Audit Officer, On 25-09-2021)	4-6
7	ഓഡിറ്റ് റിക്കവറി Written By: M.U.Sunny (Audit Officer, On 14-07-2021) Last Updated By: Susaniamma Thomas (Audit Officer, On 25-09-2021)	4-7
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം*** Written By: M.U.Sunny (Audit Officer, On 14-07-2021) Last Updated By: Susaniamma Thomas (Audit Officer, On 25-09-2021)	4-8
9	ചാർജ്ജ്/സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം Written By: M.U.Sunny (Audit Officer, On 14-07-2021) Last Updated By: Susaniamma Thomas (Audit Officer, On 25-09-2021)	4-9
10	ഓഡിറ്റ് പ്രത്യവലോകനം Written By: M.U.Sunny (Audit Officer, On 14-07-2021) Last Updated By: Susaniamma Thomas (Audit Officer, On 25-09-2021)	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ *** Written By: M.U.Sunny (Audit Officer, On 14-07-2021) Last Updated By: Susaniamma Thomas (Audit Officer, On 25-09-2021)	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	

ഭാഗം -1

1-1 ബജറ്റ്

26.03.2020-ലെ പഞ്ചായത്ത് ബജറ്റ് കമ്മിറ്റിയിൽ അവതരിപ്പിച്ച 2020-21 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 1-2 തീരുമാന പ്രകാരം അംഗീകാരം നേടി. ₹27,12,91,251/- വരവും ₹27,81,44,188/- ചെലവും ₹9,11,158/- മിച്ചവും വരുന്ന പരിഷ്കരിച്ച ബജറ്റ് 17.02.2021-ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 1-2 തീരുമാന പ്രകാരം അംഗീകരിച്ചു. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 13.03.2020-ൽ ബജറ്റും 10.02.2021-ൽ പരിഷ്കരിച്ച ബജറ്റും അംഗീകരിച്ചിട്ടുണ്ട്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടി ക്രമങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

1-1-1 ബജറ്റ് - ഫയൽ പരിപാലിച്ചിട്ടില്ല

സർക്കാർ അതതുസമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കുന്ന ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് അടങ്ങുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15-ന് മുമ്പായി ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരും നൽകുന്ന എസ്റ്റിമേറും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് നൽകേണ്ടതുമാണ് [വകുപ്പ് 214 (1)]. ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി 07.02.2020-ലെ തീരുമാനം 2-4 പ്രകാരമാണ് ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുള്ളത്. സ്റ്റാന്റിംഗ് കമ്മിറ്റികളും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരും സമർപ്പിച്ച ബജറ്റ് പ്രപ്പോസലുകൾ, അതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കിയ ബജറ്റിന് ആധാരമാക്കിയ രേഖകളും വിവരങ്ങളും അടങ്ങിയ ബജറ്റ്, ഫയൽ എന്നിവ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളും നിർവ്വഹണ ഉദ്യോഗസ്ഥരും ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നോയെന്നും ബജറ്റ് നിർദേശങ്ങൾ സമർപ്പിച്ചവരുടെ നിർദ്ദേശങ്ങൾ പരിഗണിച്ചാണോ ബജറ്റ് തയ്യാറാക്കിയതെന്നും ഉറപ്പാക്കുന്നതിന് സാധിക്കുന്നില്ല.

1-1-2 നടപടി ക്രമങ്ങൾ പാലിക്കാതെ പുതുക്കിയ ബജറ്റ് പാസാക്കി

ബജറ്റിൽ വിഭാവനം ചെയ്ത വരവിൽ മാറ്റമുണ്ടെങ്കിലോ ബജറ്റ് എസ്റ്റിമേറ്റിൽ കൂടുതൽ ഏതിനത്തിലെങ്കിലും ചെലവഴിച്ചാലോ വ്യതിയാനം വ്യക്തമാക്കി പുതുക്കിയ ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതാണ്. ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) തന്നാണ്ട് വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകൾ സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. എന്നാൽ, പഞ്ചായത്ത് 2020-21-ലെ പുതുക്കിയ ബജറ്റ് തയ്യാറാക്കിയെങ്കിലും പുതുക്കിയ പ്രൊപ്പോസലുകൾ സ്വീകരിച്ചിട്ടില്ല. 2020-21-ലെ ബജറ്റ് എസ്റ്റിമേറ്റും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തക്കേടുകളുണ്ട്.

1-1-3 ബജറ്റും യഥാർത്ഥ കണക്കുകളും തമ്മിൽ വലിയ വ്യതിയാനം-ബജറ്റ് അവലോകനം നടത്തുന്നില്ല

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസത്തെയും വരവ്-ചെലവുകൾ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ, ബജറ്റിനെ അടിസ്ഥാനപ്പെടുത്തിയല്ല കണക്കുകൾ അംഗീകരിച്ചിട്ടുള്ളത്. എല്ലാ മാസവും ബജറ്റ് അലവോകനം നടത്തുന്നില്ല. അതിനാൽ, 2020-21-ലെ ബജറ്റ് എസ്റ്റിമേറ്റും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തക്കേടുകളുണ്ട്. പ്രധാന വരവ് ചെലവ് വിഭാഗങ്ങളുടെയും അവയിൽ വരുന്ന പ്രധാന ഉപ ഇനങ്ങളുടെയും ബജറ്റ് വാർഷിക കണക്കുകൾ പ്രകാരമുള്ള കണക്കുകൾ ചുവടെ കൊടുക്കുന്നു.

ക്രമ നം.		ഇനം	ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ₹	വാർഷിക കണക്കുകൾ പ്രകാരമുള്ള വരവ് ₹	വ്യത്യാസം ₹
1		നികുതി വരുകൾ	21000000	17317846	3682154
	എ	വസ്തുനികുതി	10000000	8854556	1145444
	ബി	തൊഴിൽ നികുതി	11000000	8463290	2536710
2		നികുതിയിതര വരവുകൾ	5295000	3223420	2071580
	എ	വാടക കെട്ടിടങ്ങൾ	700000	2222312	-1522312
	ബി	വാടക-ഓഡിറ്റോറിയം	650000	400	649600
	സി	ലൈസൻസ്	400000	171000	229000
	ഡി	സ്ഥിരനിക്ഷേപ പലിശ	100000	30388	69612
	ഇ	പലിശ	500000	145311	354689
	എഫ്	നിക്ഷേപങ്ങൾ-കണ്ടുകെട്ടിയത്	300000	0	300000
3		പൊതു ഉദ്ദേശ്യ ഗ്രാന്റ്	9328800	9575623	-246823
4		വികസന ഫണ്ട്	29639000	67590812	-37951812
5		സംരക്ഷണ ഗ്രാന്റ്	0	24438000	-24438000
6		എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ	15795000	12179579	3615421
7		ഭരണ ചെലവുകൾ	4612400	2061359	2551041

8		ഓപ്പറേഷൻസ് & മെയിന്റനൻസ്	9000000	4346199	4653801
9		പ്ലാൻ-ഉല്പാദന മേഖല	13070000	4308262	8761738
10		പ്ലാൻ-സേവന മേഖല	60864788	21351506	39513282
11		പ്ലാൻ-പശ്ചാത്തല മേഖല	31365000	14620451	16744549
12		പ്ലാൻ-മേഖല വിഭജനത്തിൽ ഉൾപ്പെടാത്തത്	7367000	2408098	4958902
13		മെയിന്റനൻസ് പ്രോജക്ടുകൾ	26350000	8081059	18268941

(അവലംബം-2020-21 പുതുക്കിയ ബജറ്റ്, വാർഷിക കണക്കുകൾ)

ബജറ്റ് പ്രകാരം സംരക്ഷണ ഗ്രാന്റിന് വരവ് ഇല്ല. എന്നാൽ, വാർഷിക കണക്കുകൾ പ്രകാരം വരവുണ്ട്. ഗ്രാമപഞ്ചായത്തിന് എല്ലാ വർഷവും ലഭിക്കുന്ന സംരക്ഷണ ഗ്രാന്റ് ഉൾപ്പെടുത്താതെ ബജറ്റ് തയ്യാറാക്കിയിരിക്കുന്നത് ധനകാര്യ മാനേജ്മെന്റിന്റെ അടിസ്ഥാനശിലയായ ബജറ്റിനെ ലാഘവത്തോടെ പരിഗണിക്കുന്നതു കൊണ്ടാണ്. കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ബജറ്റ്, വാർഷിക കണക്കുകൾ എന്നിവ താരതമ്യം ചെയ്യും നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും വിവിധ സെക്ഷനുകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചും വേണം ബജറ്റ് തയ്യാറാക്കേണ്ടത്. യഥാർത്ഥ കണക്കുകളുമായി ഗണ്യമായ വ്യത്യാസം കാണിക്കുന്ന ബജറ്റ് തയ്യാറാക്കുന്നത് പഞ്ചായത്തിന്റെ ധനകാര്യ മാനേജ്മെന്റിനെ പ്രതികൂലമായി ബാധിക്കും. യഥാർത്ഥ വിവരങ്ങൾ വിശകലനം ചെയ്ത് ബജറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1-2 വാർഷിക ധനകാര്യ പത്രിക

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി	അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി	അപാകത പരിഹരിച്ച് ലഭിച്ച തീയതി
31.07.2020	20.06.2021	-	-

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	₹1,27,87,719
വരവ്	₹10,88,68,458
ആകെ	₹12,16,56,177
ചെലവ്	₹11,09,25,446
നീക്കിയിരിപ്പ്	₹1,07,30,731

1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ്	മുന്നിരിപ്പ് ₹	വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കിയിരിപ്പ്/ ലാപ്സായ തുക ₹	കുറിപ്പ്
വികസനഫണ്ട് (ജനറൽ)	0	25542000	25542000	23085911	2456089	
വികസനഫണ്ട് (SCP)	0	4720715	4720715	3274511	1446204	
വികസനഫണ്ട് (TSP) 11416882	0	3416039	3416039	2233147	1182892	
15 ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC-Tied)	0	9000000	9000000	1589346	7410654	
15 ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC-Untied)	0	9000000	9000000	47278	8952722	
14 ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC-Untied)	0	9780258	9780258	9780258	0	
മെയിന്റനൻസ് ഗ്രാന്റ്-റോഡ്	0	17751000	17751000	15204517	2546483	
മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം	0	6619365	6619365	5013613	1605752	
സംസ്ഥാനാവിഷ്കൃത പദ്ധതികൾ (ഇനം തിരിച്ച്)	484000	59000	543000			
കേരളോത്സവം	0	20000	20000	20000	0	
കേന്ദ്രാവിഷ്കൃത പദ്ധതികൾ (ഇനം തിരിച്ച്)						
തൊഴിലുറപ്പ്-ഭരണ ചെലവുകൾ	2104	2969823	2971927	2004177	967750	
100 ദിവസം ബോണസ്	0	543000	543000	543000	0	
തൊഴിലാളികളുടെ കൂലി	0	47148000	47148000	47148000	0	
മെറ്റീരിയൽ ചെലവ്		11253000	11253000	11253000		
പ്രീ മൺസൂൺ ക്യാമ്പെൻ-ശുചിത്വ മിഷൻ	0	140000	140000	140000		

വിവിധ ഫണ്ടുകളുടെ വിഹിതം അനുവദിച്ച വേളയിൽ ചുവടെ കൊടുത്തിരിക്കുന്ന തുകകൾ സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്തിട്ടുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കിൽ (റസിപ്റ്റ് & പേയ്മെന്റ്) വരവ്-ചെലവ് വിശദാംശങ്ങൾ ചേർത്തിട്ടില്ല.

ഫണ്ട്	ബജറ്റ് വിഹിതം ₹	അധിക അലോട്ട്മെന്റ് ₹	ലൈഫ് ലോൺ ₹	അംഗൻവാടി ഹോണറേറിയം ₹	ജവഹർ ലോൺ ₹	വോട്ടിംഗ് മെഷീൻ ₹	അക്കൗണ്ട് ചെയ്ത ഫണ്ട് ₹
വികസനഫണ്ട് (ജനറൽ)	20542000	5000000	1405176	1007400	997251	0	22132173
വികസനഫണ്ട് (SCP)	4088000	632715	102549		632715		3985451
വികസനഫണ്ട് (TSP)	3002000	414039	117176	0	414039		2884824
സംരക്ഷണ ഗ്രാന്റ് (റോഡിതരം)	6687000	0	0	0	0	67635	6619365

പൊതു വിഭാഗം വികസന ഫണ്ട് വിഹിതമായ ₹2,40,72,000/-ൽ 2019-20-ലെ സ്പിൽ ഓവർ പ്രോജക്ടുകൾക്ക് ചെലവഴിച്ച ₹68,19,395/- ഉൾപ്പടെ 2020-21 സാമ്പത്തിക വർഷം ₹2,30,85,911/- ചെലവഴിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷം ആവിഷ്കരിച്ച് നടപ്പാക്കിയ പ്രോജക്ടുകൾക്കായി ₹1,62,66,516/- ആണ് ചെലവഴിച്ചിട്ടുള്ളത്.

1-4-1 പ്രത്യേകഘടകപദ്ധതി വികസന ഫണ്ട്-69 ശതമാനം മാത്രം ചെലവ്

2018-ലെ പ്രളയം ബാധിച്ച തദ്ദേശ സ്ഥാപനങ്ങൾക്കുള്ള പ്രത്യേക വിഹിതം ഉൾപ്പടെ പ്രത്യേക ഘടകപദ്ധതി വികസന ഫണ്ട് വിഹിതമായ ₹46,18,166/-ൽ 2019-20-ലെ സ്പിൽ ഓവർ പ്രോജക്ടുകൾക്ക് ചെലവഴിച്ച ₹14,60,301/- ഉൾപ്പടെ 2020-21 സാമ്പത്തിക വർഷം ₹32,74,511/- ചെലവഴിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷം ആവിഷ്കരിച്ച് നടപ്പാക്കിയ പ്രോജക്ടുകൾക്കായി ₹18,14,210/- ആണ് ചെലവഴിച്ചിട്ടുള്ളത്. പട്ടികജാതി വിഭാഗത്തിനായി 22 പ്രോജക്ടുകൾ ആവിഷ്കരിച്ചതിൽ 15 എണ്ണം മാത്രമാണ് നടപ്പാക്കിയത്. 15.07.2021-ലെ സ.ഉ(കൈ)നം.79/2021/ധന. പ്രകാരം 2020-21 സാമ്പത്തിക വർഷം അനുവദിച്ച വികസന ഫണ്ടിൽ ചെലവഴിക്കാത്ത തുകയുടെ പരമാവധി 20 ശതമാനം വരെ അടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ ചെയ്യുവാൻ അനുമതിയുള്ളൂ. 2020-21 സാമ്പത്തിക വർഷത്തിൽ പട്ടിക വർഗ്ഗ വികസന ഫണ്ടിന്റെ 69 ശതമാനം മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. 2021-22-ൽ 2020-21 ഫണ്ടിന്റെ പരമാവധി 20 ശതമാനം മാത്രമേ ക്യാരി ഓവറായി ലഭ്യമാകുകയുള്ളൂ എന്നതിനാൽ 5.02 ലക്ഷം രൂപ ലാപ്സായി.

1-4-2 പട്ടിക വർഗ്ഗ വികസന ഫണ്ട്-65 ശതമാനം മാത്രം ചെലവ്

2018ലെ പ്രളയം ബാധിച്ച തദ്ദേശ സ്ഥാപനങ്ങൾക്കുള്ള പ്രത്യേക വിഹിതം ഉൾപ്പടെ പട്ടികവർഗ്ഗ വികസന ഫണ്ട് വിഹിതമായ ₹34,16,039/-ൽ 2019-20-ലെ സ്പിൽ ഓവർ പ്രോജക്ടുകൾക്ക് ചെലവഴിച്ച ₹11,84,191/-ഉൾപ്പടെ 2020-21 സാമ്പത്തിക വർഷം ₹22,33,147/- ചെലവഴിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷം ആവിഷ്കരിച്ച് നടപ്പാക്കിയ പ്രോജക്ടുകൾക്കായി ₹10,48,956/- ആണ് ചെലവഴിച്ചിട്ടുള്ളത്. പട്ടികജാതി വിഭാഗത്തിനായി 20 പ്രോജക്ടുകൾ ആവിഷ്കരിച്ചതിൽ 10 എണ്ണം മാത്രമാണ് നടപ്പാക്കിയത്. 15.07.2021-ലെ സ.ഉ(കൈ)നം.79/2021/ധന. പ്രകാരം 2020-21 സാമ്പത്തിക വർഷം അനുവദിച്ച വികസന ഫണ്ടിൽ ചെലവഴിക്കാത്ത തുകയുടെ പരമാവധി 20 ശതമാനം വരെ അടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ ചെയ്യുവാൻ അനുമതിയുള്ളൂ. 2020-21 സാമ്പത്തിക വർഷത്തിൽ പട്ടിക വർഗ്ഗ വികസന ഫണ്ടിന്റെ 65.37 ശതമാനം മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. 2021-22-ൽ 2020-21 ഫണ്ടിന്റെ പരമാവധി 20 ശതമാനം മാത്രമേ ക്യാരി ഓവറായി ലഭ്യമാകുകയുള്ളൂ എന്നതിനാൽ 4.99 ലക്ഷം രൂപ ലാപ്സായി.

1-4-3 റോഡിതര സംരക്ഷണ ഗ്രാന്റ് ചെലവ് 75 ശതമാനം മാത്രം

റോഡിതര മെയിന്റൻസ് ഗ്രാന്റ് വിഹിതമായ ₹66,19,365/-ൽ 2019-20-ലെ സ്പിൽ ഓവർ പ്രോജക്ടുകൾക്ക് ചെലവഴിച്ച ₹23,58,130/- ഉൾപ്പടെ 2020-21 സാമ്പത്തിക വർഷം ₹50,13,613/- ചെലവഴിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷം ആവിഷ്കരിച്ച് നടപ്പാക്കിയ പ്രോജക്ടുകൾക്കായി ₹26,55,483/- ആണ് ചെലവഴിച്ചിട്ടുള്ളത്. 15.07.2021-ലെ സ.ഉ(കൈ)നം.79/2021/ധന. പ്രകാരം 2020-21 സാമ്പത്തിക വർഷം അനുവദിച്ച സംരക്ഷണ ഫണ്ടിൽ ചെലവഴിക്കാത്ത തുകയുടെ പരമാവധി 20 ശതമാനം വരെ അടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ ചെയ്യുവാൻ അനുമതിയുള്ളൂ. അതായത് 2020-21-ൽ അനുവദിച്ച ₹66,87,000/-ന്റെ 20 ശതമാനമായ ₹13,37,400/-. എന്നാൽ, 75% മാത്രം ചെലവുള്ളതിനാൽ അധിക വിഹിതത്തിൽ 5%ന്റെ കുറവ് വരും. 2020-21 സാമ്പത്തിക വർഷത്തിൽ റോഡിതര സംരക്ഷണ ഗ്രാന്റിന്റെ 75.74 ശതമാനം മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. 2021-22-ൽ 2020-21 ഫണ്ടിന്റെ പരമാവധി 20 ശതമാനം മാത്രമേ ക്യാരി ഓവറായി ലഭ്യമാകുകയുള്ളൂ എന്നതിനാൽ 2.81 ലക്ഷം രൂപ ലാപ്സായി.

1-4-4 ഫണ്ട് വിനിയോഗിക്കുന്നതിൽ വീഴ്ച - സ്പിൽ ഓവർ പ്രോജക്ടുകൾക്കുള്ള അധിക വിഹിതം നഷ്ടമായി

12.03.2021-ലെ സ.ഉ(സാധാ) നം.2247/2021/ധന., 26.02.2021-ലെ സ.ഉ(സാധ)നം.622/2021/തസ്വഭവ. എന്നിവ പ്രകാരം 2020-21 സാമ്പത്തിക വർഷത്തിൽ ലഭിച്ച ധനകാര്യ കമ്മീഷൻ വിഹിതമൊഴിച്ചുള്ള വികസന ഫണ്ട് 90 ശതമാനത്തിന് മുകളിൽ ചെലവഴിച്ച ഗ്രാമപഞ്ചായത്തുകൾക്ക് പരമാവധി 25 ശതമാനം തുക എന്ന പരിധിയ്ക്ക് വിധേയമായി ക്യാരി ഓവർ ചെയ്ത തുകയോ ഏതാണോ കൂടുതൽ അതിൽ പരിമിതപ്പെടുത്തി പണം അനുവദിക്കുന്നതിന് അനുമതി നൽകിയിരുന്നു. ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പടുത്തിയതും ആ വർഷം പൂർത്തിയാക്കാൻ കഴിയാതിരുന്നതുമായ സ്പിൽ ഓവർ പദ്ധതികൾക്കുള്ള ക്യാരി ഓവർ തുക അനുവദിച്ചിരുന്നു. എന്നാൽ, വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിന് 2020-21-ലെ വികസന ഫണ്ട് 90 ശതമാനത്തിലധികം ചെലവഴിക്കുവാൻ സാധിക്കാതിരുന്നതിനാൽ അധിക വിഹിതം ലഭ്യമായില്ല. ഗ്രാമപഞ്ചായത്തിന് ലഭ്യമായ പൊതു വിഭാഗം, പട്ടികജാതി വിഭാഗം, പട്ടിക വർഗ്ഗ വിഭാഗം വികസന ഫണ്ടുകൾ യഥാക്രമം 89, 69, 65 ശതമാനവും

മാത്രമേ 2020-21-ൽ ചെലവഴിച്ചിട്ടുള്ളൂ. പൊതു വിഭാഗത്തിൽ ₹68,19,395/-, പട്ടികജാതി വിഭാഗത്തിൽ ₹14,60,301/-, പട്ടിക വർഗ്ഗ വിഭാഗത്തിൽ ₹11,84,191/- സ്പിൽ ഓവർ പ്രോജക്ടുകൾക്ക് 2020-21 ബജറ്റ് വിഹിതത്തിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. സമയബന്ധിതമായി പ്രോജക്ടുകൾ പൂർത്തീകരിച്ച് 90 ശതമാനത്തിനു മുകളിൽ ഫണ്ട് ചെലവഴിക്കുമായിരുന്നെങ്കിൽ പൊതുവിഭാഗത്തിൽ മേൽ തുകകൾ അധിക അലോട്ട്മെന്റായി ലഭിക്കുമായിരുന്നു. യഥാസമയം പണം ചെലവഴിക്കാതിരുന്നതിനാൽ പൊതു വിഭാഗത്തിൽ ₹68,19,395/-, പട്ടികജാതി വിഭാഗത്തിൽ ₹14,60,301/-, പട്ടിക വർഗ്ഗ വിഭാഗത്തിൽ ₹11,84,191/-യും നഷ്ടമായി.

1-5 പദ്ധതി അവലോകനം

2020-21 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
310	151896689	204	82163631	64	42	65.80

2020-21 വാർഷിക പദ്ധതി അംഗീകാരവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സർക്കാർ നിശ്ചയിച്ച സമയത്തിനുള്ളിൽ നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

വർക്കിംഗ് ഗ്രൂപ്പുകളുടെയോഗം	16.01.2020
ഗ്രാമസഭകൾ	23.01.2020-28.01.2020
സ്റ്റാന്റിംഗ് കമ്മിറ്റി	07.02.2020
വികസന സെമിനാർ	27.02.2020
പഞ്ചായത്ത് കമ്മിറ്റി	06.03.2020
സ്പിൽ ഓവർ പദ്ധതി അംഗീകരാം	20.05.2020
ഗുണഭോക്തൃലിസ്റ്റ് അംഗീകാരം	22.10.2020

1-5-1 വർക്കിംഗ് ഗ്രൂപ്പുകൾ ക്രിയാത്മകമായി പ്രവർത്തിക്കുന്നില്ല

വർക്കിംഗ് ഗ്രൂപ്പുകൾ തങ്ങളുടെ പരിധിയിൽ വരുന്ന വിഷയങ്ങളിൽ ആഴത്തിലുള്ള വിശകലനങ്ങൾ നടത്തി ഏറ്റവും പ്രാധാന്യമുള്ള പ്രോജക്ടുകൾ നിർദേശിക്കുന്നതിന് പകരം മുൻവർഷങ്ങളിൽ ചെയ്തതുപോലെ ആവർത്തനപരമായ പ്രോജക്ടുകൾ നിർദേശിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്.

1-5-2 സ്റ്റാന്റിംഗ് കമ്മിറ്റികൾ ക്രിയാത്മകമായി പ്രവർത്തിക്കുന്നില്ല.

സ്റ്റാന്റിംഗ് കമ്മിറ്റികളിൽ വാർഷിക പദ്ധതി സംബന്ധിച്ച് വിശദമായ വിശകലനങ്ങൾ നടത്താതെ വർക്കിംഗ് ഗ്രൂപ്പുകളുടെ നിർദേശങ്ങൾ അതേപടി അംഗീകരിച്ചിട്ടുള്ളത്, ഗ്രാമപഞ്ചായത്തിന്റെ വികസന ആവശ്യങ്ങൾ ക്രിയാത്മകമായി ചർച്ച ചെയ്ത് ഏറ്റവും ആവശ്യമുള്ളതും പ്രായോഗികവും അനുയോജ്യമായതുമായ പ്രോജക്ടുകൾ തെരഞ്ഞെടുക്കുന്നതിലും വിവിധ തലങ്ങളിലെ പ്രവർത്തനങ്ങൾ സർക്കാർ നിർദേശിച്ചിട്ടുള്ള പ്രകാരം നടത്തുന്നതിലുണ്ടാവുന്ന ജാഗ്രതക്കുറവ് പഞ്ചായത്തിന്റെ ആകെ വികസനത്തിനും പദ്ധതി സമയബന്ധിതവും കാര്യക്ഷമവുമായി നടത്തുന്നതിനും തടസ്സമാവുന്നുണ്ട്.

1-5-3 പദ്ധതി കാര്യക്ഷമമായി നടക്കുന്നില്ല

പ്രോജക്ടുകൾ നടപ്പാക്കുന്നതിലെ കാലതാമസം കാരണം ഗ്രാമപഞ്ചായത്തിന്റെ 2020-21 വാർഷിക പദ്ധതിയിൽ ആവിഷ്കരിച്ച പ്രോജക്ടുകളിൽ 2019-20 സാമ്പത്തിക വർഷം കൃ ബില്ലിൽ ഉൾപ്പെട്ട പ്രോജക്ടുകൾ, സർക്കാർ പ്രോജക്ടുകൾ (ലൈഫ് ഭവന പദ്ധതിവായ്പ, വെള്ളക്കര കുടിശിക അംഗൻവാടി ഹെൽപ്പർമാർക്ക് അധികവേതനം) എന്നിവ ഒഴിവാക്കിയാൽ 45 ശതമാനം മാത്രമേ പൂർത്തീകരിച്ച് ചെലവ് നടത്തുന്നതിന് സാധിച്ചിട്ടുള്ളൂ. സർക്കാർ മാർഗ്ഗ നിർദേശം പാലിച്ച് സമയബന്ധിതമായി പ്രോജക്ടുകൾ നടപ്പാക്കി ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുവാൻ സാധിക്കാത്തതിനാൽ 2019-20 പദ്ധതിയിലെ 53 പ്രോജക്ടുകൾ കൃവിലേയ്ക്ക് മാറ്റേണ്ടതായി വന്നു. 2020-21 വാർഷിക പദ്ധതിയ്ക്ക് 2020 മാർച്ചിൽ അംഗീകാരം ലഭിച്ചെങ്കിലും പദ്ധതി നിർവ്വഹണത്തിലെ വിവിധ ഘട്ടങ്ങളിൽ വരുന്ന കാലതാമസം കാരണമാണ് സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുന്നതിന് സാധിക്കാതെ വരുന്നത്. സമയബന്ധിതമായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാത്തതിനാൽ 2019-20ൽ കൃവിൽ ഉൾപ്പെട്ട ബില്ലുകൾ മാറുന്നതിന് അധിക അലോട്ട്മെന്റ് ലഭിച്ചില്ല.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	ആവിഷ്കരിച്ച പ്രോജക്ടുകൾ	നടപ്പിലാക്കിയ പ്രോജക്ടുകൾ	അടങ്കൽ ₹	ചെലവ് ₹
കൃഷി ഓഫീസർ	19	10	4594183	803912
വെറ്റെറിനറി സർജൻ	12	9	6051530	2288159
മെഡിക്കൽ ഓഫീസർ-പി.എച്ച്.സി	7	5	2435670	1742295
മെഡിക്കൽ ഓഫീസർ-ഹോമിയോ	1	1	150000	150000
മെഡിക്കൽ ഓഫീസർ-ആയുർവേദം	2	1	600000	299998
ഫിഷറീസ് സബ് ഇൻസ്പക്ടർ	1	0	1230000	0
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	22	19	32168887	14912963
ഐ.സി.ഡി.എസ് സൂപ്രവൈസർ	12	7	5778994	5201590
ഡയറി എക്സ്റ്റൻഷൻ ഓഫീസർ	2	2	4532230	1932230
സെക്രട്ടറി	52	30	25465562	11328373

ഹെഡ്മാസ്റ്റർ, ഗവ. എൽ.പി.എസ്	2	0₹	100000	0
അസിസ്റ്റന്റ് എഞ്ചിനിയർ	155	109	65245856	42173658
ഹെഡ്മാസ്റ്റർ, ഗവ. യു.പി.എസ്	6	4	480000	273695
അസിസ്റ്റന്റ് സെക്രട്ടറി	17	7	3063777	1056758
ആകെ	310	204	151896689	82163631

വിവിധ വിഭാഗങ്ങളിലും മേഖലകളിലും ആവിഷ്കരിച്ച പ്രോജക്ടുകളുടെ വിവരം ചുവടെ കൊടുക്കുന്നു.

വിഭാഗം	ആവിഷ്കരിച്ച പ്രോജക്ടുകൾ	നടപ്പാക്കിയ പ്രോജക്ടുകൾ	ശതമാനം	അടങ്കൽ ₹	ചെലവ് ₹	ചെലവ് ശതമാനം
പൊതുവിഭാഗം	268	179	66.79	140666418	77147389	54.84
പ്രത്യേക ഘടകപദ്ധതി	22	15	68.18	7092203	3179338	44.83
പട്ടികവർഗ്ഗ ഉപപദ്ധതി	20	10	50	4138068	1836904	44.39
ആകെ	310	204	65.81	151896689	82163631	54.09

മേഖല

മേഖല	ആവിഷ്കരിച്ച പ്രോജക്ടുകൾ	നടപ്പാക്കിയ പ്രോജക്ടുകൾ	ശതമാനം	അടങ്കൽ ₹	ചെലവ് ₹	ചെലവ് ശതമാനം
ഉല്പാദനം	36	22	61.11	16907943	5098547	30.15
സേവനം	124	69	55.65	71007396	33747131	47.53
പശ്ചാത്തലം	150	113	75.33	63981350	43317953	67.7
ആകെ	310	204	65.81	151896689	82163631	54.09

1-5-4 വ്യക്തമായ കാരണങ്ങൾ രേഖപ്പെടുത്താതെ വാർഷിക പദ്ധതിയിൽ മാറ്റം വരുത്തുന്നു

പദ്ധതി അംഗീകാരം ലഭിച്ചതിനുശേഷം പ്രോജക്ടുകൾ ഒഴിവാക്കുന്നതും ഭേദഗതി ചെയ്യുന്നതും പുതിയതായി ഏറ്റെടുക്കുന്നതും കാരണം വാർഷിക പദ്ധതി നിർവ്വഹണം കാര്യക്ഷമമായി നടപ്പിലാക്കുവാൻ സാധിക്കാതെ വരുന്നുണ്ട്. വ്യക്തമായ കാരണങ്ങൾ രേഖപ്പെടുത്താതെ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാത്രം 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട 13 പ്രോജക്ടുകൾ ഒഴിവാക്കുകയും 38 പ്രോജക്ടുകൾ ഭേദഗതി ചെയ്യുകയും 68 പ്രോജക്ടുകൾ പുതുതായി ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സാമ്പത്തിക വർഷത്തിന്റെ അവസാന പാദത്തിൽ ഏറ്റെടുക്കുന്ന പുതിയ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനുള്ള സമയം ലഭിക്കില്ല. കൂടാതെ, ഗ്രാമസഭകളിലും വർക്കിംഗ് ഗ്രൂപ്പുകളിലും നിന്ന് ഉയർന്നുവന്ന നിർദ്ദേശങ്ങൾക്ക് അനുസൃതമായി കരട് പദ്ധതി രേഖയിൽ ഉൾപ്പെടുത്തി വികസന സെമിനാറിൽ അവതരിപ്പിച്ച് അംഗീകാരം നേടിയ പ്രോജക്ടുകളെ അവഗണിച്ച് പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനു കാരണമാകും. മാത്രമല്ല, പുതിയ പ്രോജക്ടുകളും ഭേദഗതി ചെയ്യുന്ന പ്രോക്ടുകളും ഗ്രാമസഭകളുടെ അംഗീകാരം നേടുന്നില്ല. ഇത്തരത്തിൽ, വ്യക്തമായ കാരണങ്ങളുടെ അഭാവത്തിൽ പ്രോജക്ടുകൾ ഭേദഗതി ചെയ്യുന്നതും ഉപേക്ഷിക്കുന്നതും പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതും അധികാര വികേന്ദ്രീകരണത്തിന്റെ അന്ത:സത്തയെ തന്നെ ഇല്ലാതാക്കും.

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ് ₹	വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കിയിരിപ്പ് ₹
ഭരണചെലവുകൾ	2104	2969823	2971927	2004177	967750
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	74319177	74319177	74319177	0

1-7 ക്ഷേമപെൻഷൻ

2020-21 ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമ പദ്ധതിയുടെ പേര്	ചെലവഴിച്ച തുക ₹	ഗുണഭോക്താക്കളുടെ എണ്ണം
കർഷകതൊഴിലാളി പെൻഷൻ	714200	515
വിധവാപെൻഷൻ	913200	623
വാർദ്ധക്യകാലപെൻഷൻ	1600000	1164
വികലാംഗപെൻഷൻ	361400	247
അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	9600	6

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.7.2021-ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹13,671/- ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

സാധനങ്ങളും സേവനങ്ങളും വാങ്ങുന്നത് സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണം നടത്തുവാൻ പ്രൊക്യൂർമെന്റ് കമ്മിറ്റി ശ്രദ്ധിക്കണ്ടതാണ്.

ഓഫീസ് ഉത്തരവ് മുഖേന ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ ജോലി വിലയിരുത്തി മേൽനോട്ട ചുമതലയുള്ളവർ മോണിറ്ററിംഗ് നടത്തേണ്ടതാണ്.

സ്റ്റോക്ക് രജിസ്റ്റർ, മൺകൂർ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ തുടങ്ങിയവ കാലികമായി എഴുതി സൂക്ഷിക്കുകയോ സാമ്പത്തിക വർഷാവസാനം പരിശോധിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല. ആസ്തികളുടെയും സ്റ്റോറുകളുടെയും വാർഷിക ഭൗതിക പരിശോധനയും നടത്തുന്നില്ല. വാർഷിക പദ്ധതി ബജറ്റുമായി സംയോജിപ്പിച്ചിട്ടില്ല. ആസ്തികൾ എല്ലാം തിട്ടപ്പെടുത്തുകയും പരിപാലനം കൃത്യമായി നടത്തുകയും ചെയ്യുന്നില്ല.

പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ബജറ്റ് പ്രൊവിഷന് അനുസൃതമായിട്ടാണ് ചെലവഴിക്കുന്നതെന്ന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പ് വരുത്തുന്നില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	09.03.2021	2/2020 മുതൽ 2/2021 വരെ	റിപ്പോർട്ട് കിട്ടിയിട്ടില്ല
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	10.12.2014	2009-10 മുതൽ 2013-14 വരെ	15.12.2014

1-11 രജിസ്റ്ററുകളുടെ പരിപാലനം

റിക്കവറി രജിസ്റ്ററുകൾ, സ്റ്റിയറിംഗ് കമ്മിറ്റി മിനിട്സ്, സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ്, ഗ്രാമസഭാ മിനിട്സ്, പഞ്ചായത്ത് കമ്മിറ്റി മിനിട്സ്, അക്വിറ്റൻസ് രജിസ്റ്റർ, വിവരാവകാശ രജിസ്റ്റർ എന്നിവ തൃപ്തികരമായി പരിപാലിക്കുന്നുണ്ട്. എന്നാൽ, ഡി.സി.ബി രജിസറ്ററുകൾ, സ്റ്റോക്ക് രജിസ്റ്റർ മുതലായ രജിസ്റ്ററുകൾ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള രീതിയിൽ പരിപാലിക്കുന്നില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

1-11-1 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ, മറ്റ് സ്ഥാപനങ്ങൾ, വകുപ്പുകൾ തുടങ്ങിയവ നൽകുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ്, മിച്ചം വന്ന തുകയുടെ തിരിച്ചടവ് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല. വിവിധ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ രേഖപ്പെടുത്താത്തതിനാൽ വാർഷിക കണക്കുകളിൽ കൊടുത്തിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് സാധിക്കുന്നില്ല.

1-11-2 മൺകൂർ രജിസ്റ്റർ

മൺകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള ഓണം മൺകൂർ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വാർഷിക കണക്കുകൾ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർക്കുള്ള മുൻകൂർ, മറ്റുള്ളവർക്കുള്ള മുൻകൂർ എന്നിവയിൽ മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ, രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1-11-3 ഡെപ്പോസിറ്റ് രജിസ്റ്റർ

ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. ഡെപ്പോസിറ്റുകളുടെ റീഫണ്ട് വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി അധികൃതമാക്കിയിട്ടില്ല. എല്ലാ കോളത്തിലും ആവശ്യമായ രേഖപ്പെടുത്തൽ നടത്തിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകളും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-11-4 സ്റ്റോക്ക് രജിസ്റ്റർ

വാങ്ങുന്ന സ്റ്റോക്കുകളുടെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ബിൽ/വൗച്ചർ വിവരങ്ങൾ, പർച്ചേസ് ബിൽ വിവരങ്ങൾ, സ്പെസിഫിക്കേഷൻ വാറണ്ടി സ്റ്റോക്കിന്റെ മൂല്യം തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. സാമ്പത്തിക വർഷാവസാനം സ്റ്റോക്കുകളുടെ ഭൗതിക പരിശോധന നടത്തി പരിശോധന റിപ്പോർട്ട് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1-11-5 എഗ്രിമെന്റ് രജിസ്റ്റർ

രജിസ്റ്ററിലെ എല്ലാ കോളങ്ങളിലും രേഖപ്പെടുത്തൽ നടത്തി കാലികമാക്കുന്നില്ല. എസ്റ്റിമേറ്റ് തുക, പ്രോബബിൾ എമൗണ്ട് ഓഫ് കോൺടാക്ട്, സെക്യൂരിറ്റി നിക്ഷേപം, പെനാലിറ്റി, പ്രവർത്തി പൂർത്തീകരിക്കേണ്ട തിയതി തുടങ്ങിയ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

1-11-6 സ്യൂട്ട് രജിസ്റ്റർ

സ്യൂട്ട് രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിലും എല്ലാ കോളത്തിലും ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തുന്നില്ല. അതിനാൽ, കേസുകളുടെ നിജസ്ഥിതി സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ നിന്നും വ്യക്തമായി അറിയുന്നതിന് സാധിക്കുന്നില്ല.

1-11-7 ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ

ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്ററിൽ വിവിധ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലെ ഖണ്ഡികകളുടെ വിവരങ്ങൾ രേഖപ്പെടുത്തി ഖണ്ഡികകളിൽ പരാമർശിച്ചിട്ടുള്ള നഷ്ടോത്തരവാദിത്വം സംബന്ധിച്ച വിവരങ്ങൾ, തുക തിരികെ ഒടുക്കിയിട്ടുള്ളതിന്റെ വിവരങ്ങൾ എന്നിവ ചേർത്ത് അപ്ഡേറ്റ് ചെയ്തിട്ടില്ല. അതിനാൽ, തുക ഒടുക്കിയിട്ടുള്ള സംഗതികളിലും രജിസ്റ്റർ പ്രകാരം ബാദ്ധ്യത നിലനിൽക്കുന്നു.

1-11-8 ടെണ്ടർ രജിസ്റ്റർ

ടെണ്ടർ രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിലും എല്ലാ കോളത്തിലും ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. ടെണ്ടറുടെ വിശദാംശങ്ങൾ, ടെണ്ടർ സ്വീകരിക്കുന്ന അവസാന തിയതി, ലഭിച്ച തിയതി, ടെണ്ടർ തുറന്ന തിയതി, തുക, നിരതദ്രവ്യം ഒടുക്കിയതിന്റെ വിവരങ്ങൾ തുടങ്ങിയവ രേഖപ്പെടുത്തുന്നില്ല.

1-11-9 പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്സ്

2019-20-ന് ശേഷം പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്സ് രജിസ്റ്റർ പരിപാലിച്ചിട്ടില്ല. 02/2020ലാണ് കമ്മിറ്റി തീരുമാനം അവസാനമായി രേഖപ്പെടുത്തിയിട്ടുള്ളത്. പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ശുപാർശ അംഗീകരിച്ചതായി പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനങ്ങൾ ഉണ്ടെങ്കിലും മിനിട്സിന്റെ അഭാവത്തിൽ തീരുമാനങ്ങളുടെ ആധികാരികത പരിശോധിക്കുന്നതിന് സാധിക്കുകയില്ല.

1-11-10 ആസ്തി പരിപാലനം-തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ സ്ഥാവര-ജംഗമ ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ കൃത്യമായി ക്രോഡീകരിച്ചു സൂക്ഷിക്കുവാനും യഥാകാലം കൂട്ടിച്ചേർക്കലുകൾ നടത്തി സമഗ്രമാക്കാനും സർക്കാർ കർശന നിർദ്ദേശങ്ങൾ നൽകിയിട്ടും അത് നാളിതുവരെ നടപ്പായിട്ടില്ല. ഗ്രാമപഞ്ചയാത്ത് കമ്മിറ്റിയുടെ 09.05.2019 ലെ 25-1 തീരുമാന പ്രകാരം എല്ലാ വാർഡുകളിലെയും സ്ഥാവര-ജംഗമ ആസ്തികൾ കൃത്യമായി കണ്ടെത്തി അസിസ്റ്റന്റ് എഞ്ചിനിയർക്ക് റിപ്പോർട്ട് ചെയ്യേണ്ടതും ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി പരിപാലിക്കുന്നതിനുള്ള നടപടികൾ എല്ലാ മെമ്പർമാരും സ്വീകരിക്കേണ്ടതുമാണെന്ന് തീരുമാനിച്ചിരുന്നു. പഞ്ചായത്ത് കമ്മിറ്റിയുടെ 30.08.2019-ലെ 1-2 തീരുമാന പ്രകാരം ഗ്രാമപഞ്ചായത്തിലെ എല്ലാ റോഡുകളും കെട്ടിടങ്ങളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ കാലതാമസം കൂടാതെ എല്ലാ ആസ്തികളും കണ്ടെത്തി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിന് ആസിസ്റ്റന്റ് എഞ്ചിനിയർക്ക് നിർദ്ദേശം നൽകിയിരുന്നു. എല്ലാ ആസ്തികളും അസറ്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് 12.02.2019-ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 2-13 തീരുമാന പ്രകാരം നിർദ്ദേശം നൽകിയിരുന്നു. പഞ്ചായത്ത് കമ്മിറ്റിയുടെ 21.04.2020-ലെ 2-1 തീരുമാന പ്രകാരം ആസ്തി രജിസ്റ്ററിൽ ചേർക്കാൻ വിട്ടുപോയ എല്ലാ ആസ്തികളും രജിസ്റ്ററിൽ ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്തിന്റെ എല്ലാ ആസ്തികളും ആസ്തി രജിസ്റ്റിൽ ചേർത്ത് രജിസ്റ്റർ അപ്ഡേറ്റ് ചെയ്യുന്നതിനുള്ള യാതൊരു തുടർ നടപടികളും സ്വീകരിച്ചിട്ടില്ല. ഗ്രാമ പഞ്ചായത്തിന്റെ എല്ലാ സ്ഥാവര-ജംഗമ ആസ്തികളും കാലഹരണപ്പെട്ടുപോകാതെ കൃത്യമായി കണ്ടെത്തി ആസ്തി രജിസ്റ്ററിൽ ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-12 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിപാലിക്കുന്നില്ല-വാർഷിക കണക്കുകളിലെ തുകകളുടെ കൃത്യത വ്യക്തമല്ല.

ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ ചുവടെ കൊടുത്തിരിക്കുന്ന ശീർഷകങ്ങളിൽ വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിപാലിക്കുന്നില്ലാത്തതിനാൽ തുകകളുടെ വരവ് വിശദാംശങ്ങൾ, തുക നൽകിയ സ്ഥാപനം/ഏജൻസി-യുടെ വിവരം, തുക അനുവദിച്ചതിന്റെ ഉദ്ദേശ്യം, തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ വിവരം എന്നിവ വ്യക്തമല്ല. ഒരേ ഏജൻസിയുടെ/സ്ഥാപനത്തിന്റെ പേരിൽ പല ശീർഷകങ്ങളിൽ വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, ജേണൽ എൻട്രികൾ മുഖേന ഒരു ശീർഷകത്തിൽ നിന്നും വ്യക്തമായ വിവരണം രേഖപ്പെടുത്താതെ മറ്റ് ശീർഷകങ്ങളിലേയ്ക്ക് തുകകൾ ക്രമീകരിച്ചിട്ടുണ്ട്. ഫണ്ടുകളുടെ വരവ്

രേഖപ്പെടുത്തുമ്പോൾ കൃത്യമായ വിവരണം നൽകിയിട്ടില്ലാത്തതിനാൽ ഫണ്ടിന്റെ ഉറവിടം, ഉദ്ദേശ്യം എന്നിവ വ്യക്തമല്ല. കൂടാതെ, ചെലവുകൾ കൃത്യമായി രേഖപ്പെടുത്താതെ വർഷാവസാനം ഒരു ജേണൽ എൻട്രി മുഖേന ഇൻകം ഹെഡിലേയ്ക്കോ മറ്റ് ഹെഡിലേയ്ക്കോ തുക മാറ്റിയിരിക്കുകയാണ്.

ക്രമ നം.	ശീർഷകം	തുക ₹
1	320100115	835409
2	320100121	383069
3	320100199	586245
4	320100203	14715
5	320200399	138535
6	320300103	1141511
7	320300199	2805000
8	320800202	4000000
9	160300299	18338

മേൽ തുകകളുടെ വരവ് വിശദാംശങ്ങൾ, തുക നൽകിയ സ്ഥാപനം/ഏജൻസി-യുടെ വിവരം, തുക അനുവദിച്ചതിന്റെ ഉദ്ദേശ്യം, തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്. തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ബാദ്ധ്യത ശീർഷകത്തിൽ നിന്നും തുക ഇൻകം ശീർഷകത്തിലേയ്ക്ക് മാറ്റാത്തതിനും വിനിയോഗിച്ചിട്ടില്ലെങ്കിൽ ആയതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-13 വിവിധ നികുതി വരവുകൾ - വാർഷികകണക്കുകളും ഡി.സി.ബി രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്കുകളിലെ വിവിധ വരവുകളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളും രജിസ്റ്ററുകളിലെ തുകകളും തമ്മിൽ ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം വ്യത്യാസങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഇനം	വാർഷിക കണക്കുകൾ ₹			രജിസ്റ്റർ ₹		
	ഡിമാന്റ്	കളക്ഷൻ	ബാലൻസ്	ഡിമാന്റ്	കളക്ഷൻ	ബാലൻസ്
വസ്തു നികുതി (ഗാർഹികം)-തൻവർഷം	3863008	1208754	2527784	1613586	621673	991926
വസ്തു നികുതി (ഗാർഹികം)-കുടിശിക	2886649	255044	2511419	2248714	189240	2059830
വസ്തു നികുതി (ഗാർഹികേതരം)-തൻവർഷം	4991548	1298002	3517663	2479260	729236	1750033
വസ്തു നികുതി (ഗാർഹികേതരം)-കുടിശിക	2674579	306310	2255713	2512288	194902	2317410
തൊഴിൽ നികുതി-സ്ഥാപനങ്ങൾ-തൻവർഷം	357800	317150	40650	രജിസ്റ്റർ ഹാജരാക്കിയിട്ടില്ല		
തൊഴിൽ നികുതി-സ്ഥാപനങ്ങൾ-കുടിശിക	14450	4000	10450	രജിസ്റ്റർ ഹാജരാക്കിയിട്ടില്ല		
വാടക-തൻവർഷം	2222312	223956	1976156	264356	248156	16200
വാടക-കുടിശിക	1134	0	1134	രജിസ്റ്റർ ഹാജരാക്കിയിട്ടില്ല		
തൊഴിൽ നികുതി-ജീവനക്കാർ	8105490	8103990	1500	രജിസ്റ്റർ ഹാജരാക്കിയിട്ടില്ല		
ലൈസൻസ്-തൻവർഷം	171000	137500	33500	136500	136500	0

1-14 ബാദ്ധ്യതാ ശീർഷകത്തിലെ തുകകളെ സാധൂകരിക്കുന്ന രേഖകളില്ല

ഗ്രാമപഞ്ചായത്തിന്റെ ആസ്തി ബാദ്ധ്യത പത്രിക പരിശോധിച്ചതിൽ 31.03.2021-ൽ ചുവടെ കൊടുത്തിരിക്കുന്ന ഹെഡുകളിൽ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്.

ക്രമ നം	ശീർഷകം	തുക ₹
1	320100115	1412227
2	320100116	51879
3	320100119	748188
4	320100121	586245
5	320100203	14715
6	320100204	16000
7	320200307	22000
8	320300199	5200000
9	320700204	105000

10	320700205	1125000
11	320700404	3195000
12	320800199	52000

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിപാലിക്കുന്നില്ലാത്തതിനാൽ തുകകളുടെ വിശദാംശങ്ങൾ ലഭ്യമല്ല. മേൽ തുകകളുടെ വരവ് വിശദാംശങ്ങൾ, തുക നൽകിയ സ്ഥാപനം/ഏജൻസി-യുടെ വിവരം, തുക ആനുവദിച്ചതിന്റെ ഉദ്ദേശ്യം, തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്. തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ബാദ്ധ്യത ശീർഷകത്തിൽ നിന്നും തുക ഇൻകം ശീർഷകത്തിലേയ്ക്ക് മാറ്റാത്തതിനും വിനിയോഗിച്ചിട്ടില്ലെങ്കിൽ കാരണവും ലഭ്യമാക്കേണ്ടതാണ്.

1-15 ജേണൽ എൻട്രികൾ മുഖേനയുള്ള ക്രമീകരണങ്ങൾക്ക് ആധാരമായ രേഖകൾ സൂക്ഷിച്ചിട്ടില്ല

ജേണൽ വൗച്ചർ പ്രകാരം വാർഷിക കണക്കുകളിൽ ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. എന്നാൽ, ജേണൽ വൗച്ചറുകൾ പ്രകാരം തുകകൾ ക്രമീകരിച്ചതിനെ സാധൂകരിക്കുന്ന അടിസ്ഥാന രേഖകളും രജിസ്റ്ററുകളും പരിപാലിക്കുന്നില്ല.

ക്രമ നം.	ഹെഡ്	വൗച്ചർ നം	തിയതി	തുക ₹
1	272200101	42000389	31.03.2021	628715
2	272300101	42000390	31.03.2021	417502
3	272320101	42000391	31.03.2021	110719
4	272330101	42000395	31.03.2021	156821
5	272400101	42000396	31.03.2021	203580
6	272600101	42000392	31.03.2021	133931
7	272700101	42000393	31.03.2021	305414
8	272800101	42000394	31.03.2021	1184081
9	280200401	42000456	31.03.2021	2350000
10	280200401	42000450	31.032021	5000
11	160100799	42000449	31.03.2021	138585
12	130800199	42000445	31.03.2021	4828
13	130800199	42000445	31.03.2021	121230
14	280800501	42000454	31.03.2021	3972714
15	280800501	42000455	31.03.2021	1373294
16	280800201	42000453	31.03.2021	67200
17	280800201	42000459	31.03.2021	39500

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽ ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ2011, ചട്ടം 7). ജേണൽ വൌച്ചറുകൾ ഉൾപ്പെടെ എല്ലാ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൌച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ജേണൽ വൗച്ചറുകൾ പ്രകാരം തുകകൾ ക്രമീകരിച്ചതിനെ സാധൂകരിക്കുന്ന അടിസ്ഥാന രേഖകളും രജിസ്റ്ററുകളും ഹാജരാക്കേണ്ടതാണ്.

1-16 തൊഴിൽ നികുതി രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കിയില്ല.

വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിലെ 2020-21 വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററും ബന്ധപ്പെട്ട രേഖകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.പ്രസ്തുത രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും ലഭ്യമാക്കിയിട്ടില്ല.

1-17 പൈനാവ് ഗവ.യു.പി സ്കൂൾ-പൊളിച്ചുനീക്കം ചെയ്ത നിർമ്മാണ സാമഗ്രികളുടെ ലേലവുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

പൈനാവ് ഗവ.യു.പി സ്കൂൾ-പൊളിച്ചുനീക്കം ചെയ്ത നിർമ്മാണ സാമഗ്രികളുടെ ലേലവുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല പ്രോജക്ട് നം.312/21-ൽ ഉൾപ്പെടുത്തി തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പൈനാവ് ഗവ. യു.പി സ്കൂൾ പൊളിച്ചു നീക്കം ചെയ്തിരുന്നു. നീക്കം ചെയ്തതും പുനരുപയോഗപ്രദവുമായ സാധന സാമഗ്രികളുടെ വിശദാംശങ്ങൾ അസി.എഞ്ചിനിയർ 216/20-21 നമ്പർ അളവുബുക്കിൽ രേഖപ്പെടുത്തുകയും സാധന സാമഗ്രികളുടെ ഏകദേശ മൂല്യം ₹74,740/-യായി നിർണ്ണയിച്ച് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് സർവ്വേ റിപ്പോർട്ട്

നൽകുകയും ചെയ്തിട്ടുണ്ട്. നിർമ്മാണ സാധന സാമഗ്രികൾ 2020-21 വർഷം ലേലം ചെയ്യ നൽകിയിട്ടുള്ളതായി ഗ്രാമ പഞ്ചായത്തിൽ നിന്നും അറിയിച്ചപ്പോൾ ലേല നടപടികൾ സംബന്ധിച്ച ഫയൽ എൻകൃയറി നം.22/15.07.2021 മുഖേന ആവശ്യപ്പെട്ടെങ്കിലും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ലേല ഫയൽ പരിശോധനയ്ക്ക് ഹാജരാക്കി 1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 11 ഉപവകുപ്പ് 1 പ്രകാരമുള്ള തുടർ നടപടികൾ ഒഴിവാക്കേണ്ടതാണ്.

1-18 സാംഖ്യയിൽ ഡിമാന്റുകൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല

സാംഖ്യ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽ ചെയ്യേണ്ട പ്രവർത്തനങ്ങൾ ചെയ്തിട്ടില്ല. വിവിധ നികുതി-നികുതിയേതര വരുമാനങ്ങളുടെ ഡിമാന്റുകൾ സാമ്പത്തിക വർഷത്തിന്റെ ആദ്യ പ്രവൃത്തി ദിവസം തന്നെ ജേണൽ എൻടി ചെയ്യേണ്ടതാണ്. കൂടാതെ മുൻ വർഷാവസാനം പിരിഞ്ഞുകിട്ടുവാൻ അവശേഷിക്കുന്ന തുകകൾ കറന്റ് ഡിമാന്റിൽ നിന്നും മാറ്റി കുടിശ്ശിക ഡിമാന്റായി ജേണൽ എൻടി ചെയ്യേണ്ടതാണ്. എന്നാൽ, ഗ്രാമപഞ്ചായത്തിലെ വിവിധ നികുതി നികുതിയേതര വരുമാനങ്ങളുടെ 2020-21ലെ ജേർണൽ എൻടി 31.03.2021ൽ ആണ് ചെയ്തിട്ടുള്ളത്. സാമ്പത്തിക വർഷം വസ്തുനികുതി അസസ് ചെയ്ത് നികുതി നിർണ്ണയിക്കുന്ന അവസരത്തിൽ തന്നെ ജേണൽ എൻടി ചെയ്യേണ്ടതാണ്. നികുതി നിർണ്ണയിച്ച ജേണൽ എൻടി ചെയ്യാത്തതിനാൽ തൻവർഷത്തെ പുതിയ നികുതി, നികുതിയേതര വരുമാനങ്ങളെല്ലാം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുവാൻ സാധിക്കുകയില്ല. സാമ്പത്തിക വർഷാരംഭത്തിലെ ഓപ്പണിംഗ് എൻടികൾ നടത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1-19 താന്നിക്കണ്ടം തിയേറ്റർ പടി റോഡ് -കരാറുകാരന് അധികം തുക നൽകി

നിർവ്വഹണ ഉദ്യോഗസ്ഥൻ	അസി.എഞ്ചിനിയർ	
പ്രോജക്ട് നം.	102/21	
കരാറുകാരൻ	സുരേഷ് കെ.ആർ	
അളവുബുക്ക്	192/20-21	
പദ്ധതി അടങ്കൽ	₹8,49,464/-(സംരക്ഷണ ഗ്രാന്റ് റോഡ്)	
പദ്ധതി ചെലവ്	ബിൽ നം/തീയതി	തുക ₹
	20100652511801106 93/19.02.21	₹6,27,459/-
	20100652011801412016/28.3.21	₹2,21,880/-

താന്നിക്കണ്ടം തിയേറ്റർ പടി റോഡ് എന്ന പ്രവൃത്തിയുടെ ആകെ മൂല്യം ₹7,58,378/-യാണ്. ഒന്നാം പാർട്ട് ബിൽ പ്രകാരവും അന്തിമ ബിൽ പ്രകാരവും കരാറുകാരന് നൽകിയ തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഒന്നാം പാർട്ട് ബിൽ പ്രകാരം അനുവദിച്ച തുക ₹		അന്തിമ ബിൽ പ്രകാരം നൽകിയ തുക ₹	
ആകെ പ്രവൃത്തിമൂല്യം	576500	ആകെ പ്രവൃത്തിമൂല്യം	758338
(+)12% ജി.എസ്.ടി	69180	(+)12% ജി.എസ്.ടി	91001
	645730		849339
(-)കാലി വീപ്പയുടെ വില(16*238)	3808	(-) ഒന്നാം പാർട്ട് ബിൽ	627459
(-)2.5% റീട്ടെൻഷൻ	14413		221880
	627459	(-) നിർമ്മാണ തൊഴിലാളി ക്ഷേമനിധി (ഒന്നാം പാർട്ട് ബില്ലിനുശേഷമുള്ള പ്രവൃത്തി മൂല്യമായ ₹181838/-യുടെ 1%)	1818
(-) ഐ.ടി 1%	5765	(-) ഐ.ടി 1%	1818
(-)ജി.എസ്.ടി 2%	11530	(-)ജി.എസ്.ടി 2%	3636
(-) നിർമ്മാണ തൊഴിലാളി ക്ഷേമനിധി 1%	5765		
കരാറുകാരന് നൽകിയ തുക	604399	കരാറുകാരന് നൽകിയ തുക	₹214608/-

പാർട്ട് ബിൽ പ്രകാരവും അന്തിമ ബിൽ പ്രകാരവും കരാറുകാരന് നൽകിയ ആകെ തുക ₹8,19,007/-(604399+214608) ആണ്. കരാറുകാരന് അനുവദിക്കാവുന്ന തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ആകെ പ്രവൃത്തി മൂല്യം	₹758338
(+)12% ജി.എസ്.ടി	91001
	849339
(-)കാലി വീപ്പയുടെ വില	3808
(-)തൊഴിലാളി ക്ഷേമനിധി	7583
(-)ഐ.ടി	7583
(-) ജി.എസ്.ടി	15166
കരാറുകാരന് നൽകാവുന്ന തുക	815199

കരാറുകാരന് അധികം നൽകിയ ₹3,808/-(819007-815199) ഉത്തരവാദിയായ അസി. എഞ്ചിനിയറിൽ നിന്നും ഈടാക്കേണ്ടതാണ്.

1-20 നെല്ലിപ്പുഴക്കവല കുടിവെള്ള പദ്ധതി-ടെണ്ടർ കിഴിവ് വരുത്താത്തതുമൂലം കരാറുകാരന് അധികം തുക നൽകി

നിർവ്വഹണ ഉദ്യോഗസ്ഥൻ	അസി.എഞ്ചിനിയർ	
പ്രോജക്ട് നം	244/21	
കരാറുകാരൻ	കെ.കെ കൃഷ്ണൻ	
അളവുബുക്ക്	421/19-20&426/19-20	
പദ്ധതി അടങ്കൽ	₹3,82,400/-(വികസന ഫണ്ട് എസ്.സി.പി)	
പദ്ധതി ചെലവ്	ബിൽ നം/തീയതി	തുക ₹
	20100652011800215246/29.5.20	₹3,80,855/-

വൈദ്യുതീകരണ വേലകൾ ഉൾപ്പെടുന്ന നെല്ലിപ്പുഴ കവല കുടിവെള്ള പദ്ധതിയുടെ ആകെ പ്രവൃത്തി മൂല്യമായ₹3,36,285/-യിൽ നിന്നും കരാറുകാരൻ ക്വോട്ട് ചെയ്ത 1% ടെണ്ടർ കിഴിവ് വരുത്താത്തതുമൂലം ₹3,630/-അധികം നൽകിയിട്ടുണ്ട്.വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

കരാറുകാരന് നൽകിയ തുക ₹		കരാറുകാരന് നൽകാവുന്ന തുക ₹	
ആകെ പ്രവൃത്തിമൂല്യം	336285	ആകെ പ്രവൃത്തിമൂല്യം	336285

(+)12% ജി.എസ്.ടി	40354	(-)1% ടെണ്ടർ കിഴിവ്	3363
(+) Remuneration Charge	4216	(+)12% ജി.എസ്.ടി	39951
	380855		372873
(-)ചെക്ക് മെഷർമെന്റ്	1054	(+) Remuneration Charge	4216
(-)സൂപ്പർവിഷൻ ചാർജ്ജ്	3162		377089
(-) ഐ.ടി 1%	3363	(-)ചെക്ക് മെഷർമെന്റ്ക	1054
(-)ജി.എസ്.ടി 2%	6726	(-)സൂപ്പർവിഷൻ ചാർജ്ജ്	3162
		(-) ഐ.ടി 1%	3329
(-) നിർമ്മാണ തൊഴിലാളി ക്ഷേമനിധി 1%	3363	(-) നിർമ്മാണ തൊഴിലാളി ക്ഷേമനിധി 1%	3329
		(-)ജി.എസ്.ടി 2%	6658
കരാറുകാരന് നൽകിയ തുക	363187	കരാറുകാരന് നൽകാവുന്ന തുക	359557

കരാറുകാരന് അധികം നൽകിയ ₹3,630/-(363187-359557) ഉത്തരവാദിയായ അസി. എഞ്ചിനിയറിൽ നിന്നും ഈടാക്കേണ്ടതാണ്.

1-21 മലേപ്പറമ്പിൽ പടി റോഡ് ടാറിംഗ്-ടെണ്ടർ കിഴിവ് വരുത്താത്തതു മൂലം കരാറുകാരന് അധികം തുക നൽകി

നിർവ്വഹണ ഉദ്യോഗസ്ഥൻ	അസി.എഞ്ചിനിയർ	
പ്രോജക്ട് നം	76/21	
കരാറുകാരൻ	സുരേഷ് കെ.ആർ	
അളവുബുക്ക്	250/20-21	
പദ്ധതി അടങ്കൽ	₹4,24,286/-(സംരക്ഷണ ഗ്രാന്റ് റോഡ്)	
പദ്ധതി ചെലവ്	ബിൽ നം/തീയതി	തുക ₹
	76/11.03.21	₹4,21,319/-

എസ്റ്റിമേറ്റ് തുകയായ ₹3,78,728/-യിൽ നിന്നും 1.1% കിഴിവ് രേഖപ്പെടുത്തിയ ശ്രീ കെ.ആർ സുരേഷ് കുമാർ എന്ന കരാറുകാരനായിരുന്ന പ്രവൃത്തിയുടെ നിർവ്വഹണ ചുമതല ലഭിച്ചിരുന്നത്.ആകെ പ്രവൃത്തിമൂല്യത്തിൽ നിന്നും ടെണ്ടർ കിഴിവ് വരുത്താത്തതുമൂലം കരാറുകാരന് ₹4,501/- അധികം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

കരാറുകാരന് അനുവദിച്ച തുക ₹		കരാറുകാരന് അനുവദിക്കാവുന്ന തുക ₹	
ആകെ പ്രവൃത്തിമൂല്യം	378278	ആകെ പ്രവൃത്തിമൂല്യംകരാറുകാരന് അനുവദിച്ച തുക കരാറുകാരന് അനുവദിക്കാവുന്ന തുക	378728
(+)12% ജി.എസ്.ടി	45447	(-)1.1% ടെണ്ടർ കിഴിവ്	4166
	424175		374562
(-)കാലി വീപ്പയുടെ വില(12*238)	2556	(+)12% ജി.എസ്.ടി	44947
(-) ഐ.ടി 1%	3787		419509
(-) നിർമ്മാണ തൊഴിലാളി ക്ഷേമനിധി 1%	3787	(-)കാലി വീപ്പയുടെ വില(12*238)	2556
(-)ജി.എസ്.ടി 2%	7574	(-) നിർമ്മാണ തൊഴിലാളി ക്ഷേമനിധി	3746
		(-) ഐ.ടി 1%	3746
		(-)ജി.എസ്.ടി 2%	7491
കരാറുകാരന് നൽകിയ തുക	401670	കരാറുകാരന് നൽകാവുന്ന തുക	₹401670/-

കരാറുകാരന് അധികം നൽകിയ ₹4,501/(406171-401670) ഉത്തരവാദിയായ അസി. എഞ്ചിനിയറിൽ നിന്നും ഈടാക്കേണ്ടതാണ്.

1-22 കൊല്യമ്പൻ കോളനി പൈനാവ് റോഡ്-ആകെ പ്രവൃത്തി മൂല്യം എസ്റ്റിമേറ്റ് തുകയിൽ പരിമിതപ്പെടുത്താത്തതുമൂലം കരാറുകാരന് അധികം തുക നൽകി

നിർവ്വഹണ ഉദ്യോഗസ്ഥൻ	അസി.എഞ്ചിനിയർ
പ്രോജക്ട് നം	81/20
പദ്ധതി അടങ്കൽ	₹1,40,000/-
എസ്റ്റിമേറ്റ് തുക	₹1,23,501/-
കരാറുകാരൻ	സജി കെ.എസ്
അളവു ബുക്ക്	404/19-20
ബിൽ നം&തുക	191006520118015955 22/20-21/24.03.20

കൊല്യമ്പൻ കോളനി പൈനാവ് റോഡ്എന്ന പ്രവൃത്തിയുടെ ആകെ മൂല്യം ₹1,25,000/- യാണ്. എസ്റ്റിമേറ്റ് നിരക്കിൽ ഏറ്റെടുത്ത പ്രവൃത്തിയുടെ മൂല്യം എസ്റ്റിമേറ്റ് തുകയിൽ പരിമിതപ്പെടുത്താത്തതുമൂലം കരാറുകാരന് ₹1,619/-അധികം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

കരാറുകാരന് നൽകിയ തുക ₹		കരാറുകാരന് നൽകാവുന്ന തുക ₹	
ആകെ പ്രവൃത്തി മൂല്യം	125000	ആകെ പ്രവൃത്തി മൂല്യം(എസ്റ്റിമേറ്റ് തുകയിൽ പരിമിതപ്പെടുത്തിയത്)	123501
(+)12% ജി.എസ്.ടി	15000	(+)12% ജി.എസ്.ടി	14820
	140000		138321
(-)ഐ.ടി	1250	(-)ഐ.ടി	1235
(-)WWF	1250	(-)WWF	1235
(-)GST	2500	(-)GST	2470
കരാറുകാരന് നൽകിയ തുക	135000	കരാറുകാരന് നൽകാവുന്ന തുക	133381

കരാറുകാരന് അധികം നൽകിയ ₹1,619/-(135000-133381) ഉത്തരവാദിയായ അസി.എഞ്ചിനിയറിൽ നിന്നും ഈടാക്കേണ്ടതാണ്.

1-23 തടിയമ്പാട് കമ്മ്യൂണിറ്റി ഹാൾ പൂർത്തീകരണം-തനത് ഫണ്ടിൽ നിന്നും അധികം തുക പിൻവലിച്ചു

തടിയമ്പാട് കമ്മ്യൂണിറ്റി ഹാൾ പൂർത്തീകരണം - തനതുഫണ്ടിൽ നിന്നും അധികം തുക പിൻവലിച്ചു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	അസി.എഞ്ചിനിയർ
പ്രോജക്ട് നം.	138/20
പദ്ധതി അടങ്കൽ	₹40,00,000/-(തനതുഫണ്ട്)
കരാറുകാരൻ	ഷൈൻ ടി. ജോസഫ്
അളവു ബുക്ക്	277/19-20&277A/19-20
ചെക്ക് നം/തീയതി &തുക	651145/10.3.21;₹19,46,607/- 651169/21.321; ₹15,76,500/-

തടിയമ്പാട് കമ്മ്യൂണിറ്റി ഹാൾ പൂർത്തികരണ പ്രവൃത്തികൾ ₹32,71,034.22/-ന്ന് നടപ്പിലാക്കാമെന്ന വ്യവസ്ഥയിൽ ഏറ്റെടുത്തിട്ടുള്ളത് ശ്രീ ഷൈൻ ടി. ജോസഫ് എന്ന കരാറുകാരനായിരുന്നു. പ്രസ്തുത പ്രവൃത്തിയുടെ ആകെ മൂല്യമായി നിർണ്ണയിച്ചിരിക്കുന്നത് ₹31,40,869/-യാണ്. പ്രസ്തുത പ്രവൃത്തി മൂല്യത്തിന്റെ അടിസ്ഥാനത്തിൽ കരാറുകാരന് നൽകാവുന്ന തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ആകെ പ്രവൃത്തി മൂല്യം	₹31,40,869
(+) 12% ജി.എസ്.ടി	₹3,76,904
തനതുഫണ്ടിൽ നിന്നും പിൻവലിക്കാവുന്ന തുക	₹35,17,773

ഒന്നാം പാർട്ട് ബില്ലിൽ 2.5% റീട്ടെൻഷൻ തുക കിഴിവ് ചെയ്യാതെയായിരുന്നു 12% ജി.എസ്.ടി വിഹിതം കണക്കാക്കിയിരുന്നത്. അന്തിമ ബില്ലിൽ വീണ്ടും റീട്ടെൻഷൻ തുക ഉൾപ്പടുത്തി 12% ജി.എസ്.ടി വിഹിതം കണക്കാക്കിയതുമൂലമാണ് അധികം തുക പിൻവലിക്കാനുള്ള സാഹചര്യമുണ്ടായത്. അന്തിമ ബില്ലിൽ വീണ്ടും റീട്ടെൻഷൻ തുക ഉൾപ്പടുത്തി 12% ജി.എസ്.ടി വിഹിതം കണക്കാക്കിയതുമൂലമാണ് അധികം തുക പിൻവലിക്കാനുള്ള സാഹചര്യമുണ്ടായത്.
മേൽ സൂചിത ചെക്കുകൾ പ്രകാരം തനതു ഫണ്ടിൽ നിന്നും പിൻവലിച്ചിരിക്കുന്ന തുക ₹35,23,107/-(1946607+1576500) ആണ്. അധികം പിൻവലിച്ച ₹5,334/-(3523107-3517773) ഉത്തരവാദിയായ അസി. എഞ്ചിനിയറിൽ നിന്നും ഈടാക്കേണ്ടതാണ്.

1-24 തൊഴിലുറപ്പു പദ്ധതിയിലുൾപ്പെടുത്തിയുള്ള തൊഴുത്ത്,ആട്ടിൻകൂട്ടി കൂട് നിർമ്മാണം-അപാകതകൾ

തൊഴുത്ത് നിർമ്മാണം, ആട്ടിൻ കൂട് നിർമ്മാണം, കോഴിക്കൂട് നിർമ്മാണം എന്നീ പ്രവൃത്തികൾക്ക് വിവിധ മെറ്റീരിയൽസ് സപ്ലൈ ചെയ്യുന്നതിനായി 03.01.2020-ലെ ബി4-2637/19 നമ്പർ നോട്ടീസ് പ്രകാരം 14 വാർഡുകളിലേക്കുമായി പ്രത്യേകം ടെണ്ടർ പരസ്യം നൽകിയിട്ടുണ്ട്. ശ്രീ വർഗീസ് ഫ്രാൻസിസ്, മലബാർ ഏജൻസിസ്, ജിതിൻ മാനുവൽ എന്നിവർ ടെണ്ടർ സമർപ്പിക്കുകയും കുറഞ്ഞ തുകയായ ₹1,32,28,793/-ക്വോട്ട് ചെയ്ത മലബാർ ഏജൻസിയ്ക്ക് വാഴത്തോപ്പ് പഞ്ചായത്ത് ഭരണ സമിതിയുടെ 12.02.2020-ലെ 4(1) തീരുമാന പ്രകാരം മെറ്റീരിയൽസ് സപ്ലൈ ചെയ്യുന്നതിന് ചുമതല നൽകുകയും ചെയ്തു.തൊഴിലുറപ്പു പദ്ധതി ഫയലുകളും ടെണ്ടർ നടപടി ക്രമങ്ങളും പരിശോധിച്ചതിൽ താഴെപ്പറയുന്ന ന്യൂനതകൾ കാണുന്നു.

1. ഓരോ മെറ്റീരിയൽ ഇനത്തിന്റെയും നിരക്ക് പ്രത്യേകം പരിഗണിച്ച് കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ചില്ല

ശ്രീ. ജിതിൻ മാനുവൽ, മലബാർ ഏജൻസീസ് എന്നിവരാണ് നിർമ്മാണ സാധന സാമഗ്രികൾക്ക് കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തിട്ടുള്ളത്. കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ സംബന്ധമായ വിവരങ്ങൾ താഴെ കൊടുക്കുന്നു.

മെറ്റീരിയൽ ഇനം	അളവ്	കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരൻ			
		മലബാർ ഏജൻസീസ്		ജിതിൻ മാനുവൽ	
		നിരക്ക്	തുക ₹	നിരക്ക്	തുക ₹
Stone For Masonry Work	550m3	2935/M3	1614250		
Stone 40mm Nominal Size	84m3			2641.494/M3	221885.496
Stone 20mm Nominal Size	194m3			2647.308	513577.752
Stone 10mm Nominal Size	60m3			2695.758	161745.480
Course Sand	256m3			3420	875520
Ordinary Portland Cement	162 Tonne			9400	1522800
Solid Block Size 30*20*15	30000nos			38	1140000
Mild Steel Tubes Ht Finished Welded Type	18000kg			77.52	1395360
Red Oxide Zinc Chromate Primer	23.45 Ltr			135.66	3180.820
Weldingly Electic Plant	53296cm			9.69	516438.24
Gll Trafford Profile Sheet 0.45 Mm Thick	4000m2			552.330	2209320
Bitumen Washer	8600nos	0.1	860		
Stainless Steel Screw 50mm	4501 Nos	5	22505		
Wire Nails	1138.72kg	95	108179.875		
Fine Sand	93.75m3			3450	323454.75
Galvanised Wire Mesh	2554.65m2			341.28	871850.952
Gl Pipe 50mm	279.68m			360	100683.36
Gl Pipe 40mm	160.14m			320	51243.52
Gl Chicken Mesh	3022.44m2	130	392917.2		
Twisted Steel Ordeformed Bar	106.25q			6950	738437.5
Deharadun White Lime	7.36q			600	4416
PVC Pipe 32 Mm	57.50m	45	2587.5		
PVC Pipe 63 Mm	409.50m	90	36855		
PVC Pipe 50 Mm	115m			92	10580
Binding Wire	138kg			70	9660
Concrete Mixer	20day	50	1000		
Vibrator	20day	50	1000		
Total			2180153.575		10617377.87

മെറ്റീരിയലുകൾ ഓരോ ഇനവും പ്രത്യേകം പരിഗണിച്ച് കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കരാറുകാർക്ക് നിർമ്മാണ സാധന സാമഗ്രികൾ സപ്ലൈ ചെയ്യുന്നതിനുള്ള അവകാശം നൽകിയിരുന്നെങ്കിൽ ടെണ്ടർ പരസ്യത്തിൽ പരാമർശിച്ചിട്ടുള്ള അളവ് മെറ്റീരിയലുകൾ പർച്ചേസ് ചെയ്യുമ്പോൾ ഗ്രാമ പഞ്ചായത്തിന് ₹4,31,232.05/-(13228793-12797561.445) ലാഭിക്കാമായിരുന്നു.

1. ഓരോ മെറ്റീരിയൽ ഇനത്തിന്റെയും നിരക്ക് പ്രത്യേകം പരിഗണിച്ച് കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ചില്ല2. കരിങ്കല്ല്,മണൽ എന്നിവ ഗുണഭോക്താക്കൾക്ക് എത്തിച്ചു നൽകുന്നതിൽ കരാറുകാരൻ വീഴ്ച വരുത്തി

2019-20 മുതൽ 2020-21 വരെ 135 തൊഴുത്തുകളാണ് കരാറുകാരനായ മലബാർ ഏജൻസിസ് എത്തിച്ചുനൽകിയ സാധന സാമഗ്രികൾ ഉപയോഗിച്ച് പൂർത്തീകരിച്ചിട്ടുള്ളത്.തൊഴുത്തു നിർമ്മാണ ഫയലുകൾ പരിശോധിച്ചതിൽ ഏതാനും ഗുണഭോക്താക്കൾക്കു മാത്രമാണ് കരാറുകാരൻ കരിങ്കല്ല് എത്തിച്ചു നൽകിയിട്ടുള്ളതെന്ന് കണ്ടെത്തുവാൻ കഴിഞ്ഞിട്ടുണ്ട്.ഭൂരിപക്ഷം ഗുണഭോക്താക്കളും സ്വന്തമായി കരിങ്കല്ല് വാങ്ങിയാണ് തൊഴുത്തു നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്.കരാറുകാരൻ ഗുണഭോക്താക്കൾക്ക് എത്തിച്ചുനൽകിയ നിർമ്മാണ സാമഗ്രികളിൽ കരിങ്കല്ലൊഴികെ മറ്റെല്ലാ മെറ്റീരിയലുകൾക്കും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തിരുന്നത് ജിതിൻ മാനുവൽ എന്ന കരാറുകാരനായിരുന്നു.മലബാർ ഏജൻസീസ് കരിങ്കല്ല് സപ്ലൈ ചെയ്യാത്ത സാഹചര്യത്തിൽ കരാറുകാരനായ ജിതിൻ മാനുവലിന്റെ ടെണ്ടർ സ്വീകരിക്കുന്നതായിരുന്നു ഗ്രാമപഞ്ചായത്തിനു ലാഭകരം.

3. തൊഴുത്ത് നിർമ്മാണത്തിനാവശ്യമായ കരിങ്കല്ല് ഗുണഭോക്താവ് സ്വന്തമായി വാങ്ങിയെങ്കിലും മെറ്റീരിയൽ വില കരാർ ഏജൻസിക്ക് നൽകി

റബിയ അസീസ് കാവുകാട്ട് എന്ന ഗുണഭോക്താവ് 3.26m3 കരിങ്കല്ല് സ്വന്തമായി വാങ്ങിയാണ് തൊഴുത്ത് നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതെങ്കിലും കരിങ്കല്ലിന്റെ വിലയായ ₹5,993.76/-ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് നൽകുന്നതിനുപകരം കരാറുകാരന് ബിൽ നം.303/31.12.2020 പ്രകാരം നൽകിയിരിക്കുന്നു.

പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല.കരിങ്കല്ല് ഉൾപ്പെടെയുള്ള മെറ്റീരിയലുകൾ ഓരോന്നിനും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തിട്ടുള്ള കരാറുകാർക്ക് നിർമ്മാണ വസ്തുക്കൾ സപ്ലൈ ചെയ്യുന്നതിനുള്ള അവകാശം പ്രത്യേകമായി നൽകുന്നതു സംബന്ധിച്ച് തീരുമാനമെടുക്കേണ്ടതാണ്.

1-25 ആധുനിക മാലിന്യ നിർമ്മാർജ്ജന പ്ലാന്റ്-തുക ഡെപ്പോസിറ്റ് ചെയ്ത നാലു വർഷങ്ങൾ കഴിഞ്ഞിട്ടും നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല

ആധുനിക മാലിന്യ നിർമ്മാർജ്ജന പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 70/17 നമ്പർ പ്രോജക്ടിലുൾപ്പെടുത്തി ബിൽ നം.51/30.3.17 പ്രകാരം ₹35,00,000/-വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് അസി.എഞ്ചിനിയർ പൊതുമരാത്ത് വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്തിരുന്നു. മലിനീകരണ നിയന്ത്രണ ബോർഡ്, ജില്ലാ കളക്ടർ എന്നിവരിൽ നിന്നും പദ്ധതിക്ക് അംഗീകാരം ലഭ്യമായിരുന്നില്ല. പദ്ധതി നിർവ്വഹണം സംബന്ധിച്ച വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന കരാർ പൊതുമരാമത്ത് വകുപ്പുമായി ഒപ്പുവയ്ക്കുകയും ചെയ്തിരുന്നില്ല. പൊതുമരാമത്ത് വകുപ്പിൽ തുക ഡെപ്പോസിറ്റ് ചെയ്ത് നാല് വർഷം കഴിഞ്ഞിട്ടും മാലിന്യ നിർമ്മാർജ്ജന പ്ലാന്റിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രാരംഭ പ്രവർത്തനങ്ങൾ പോലും നടപ്പിലാക്കാൻ പൊതുമരാമത്ത് വകുപ്പിന് കഴിഞ്ഞിട്ടില്ല. പദ്ധതി പൂർത്തീകരണത്തിനാവശ്യമായ തുടർനടപടികളൊന്നും ഗ്രാമ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും സ്വീകരിച്ചതായും കാണുന്നില്ല. മാലിന്യ പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ സാധ്യമാകാത്ത സാഹചര്യത്തിൽ ഡെപ്പോസിറ്റ് തുകയായ ₹35,00,000/- നിയമാനുസൃത പലിശ സഹിതം പൊതുമരാമത്ത് വകുപ്പിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

1-26 മാലിന്യ സംസ്കരണം-മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് 4.9 ലക്ഷം രൂപ അടങ്കലിൽ 2019-20ൽ പദ്ധതി ആവിഷ്കരിക്കുകയും ₹4,68,771/- ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 06.03.2020-ലെ സ്റ്റിയറിംഗ് കമ്മിറ്റിയുടെ തീരുമാനം-2 പ്രകാരം കോവിഡ്-19ന്റെ പശ്ചാത്തലത്തിൽ ടെണ്ടർ നടപടികൾ അവസാനിക്കുന്നതു വരെ ശ്രീ. മനോജിന് കരാർ നീട്ടി നൽകുകയും ചെയ്തു. 2020-21 സാമ്പത്തിക വർഷത്തിൽ മാലിന്യ നിർമാർജനത്തിനായി ₹4,30,860/- അടങ്കലിൽ മാലിന്യ നിർമാർജ്ജന സംസ്കരണ പ്രവർത്തനങ്ങൾ എന്ന പേരിൽ പ്രോജക്ട് ആവിഷ്കരിച്ചിട്ടുണ്ട് (പ്രോജക്ട് നം.28/2020-21). സ്റ്റിയറിംഗ് കമ്മിറ്റിയുടെ 26.032020-ലെ തീരുമാനം-3 പ്രകാരം പഞ്ചായത്ത് കമ്മിറ്റിയുടെ 26.06.2019-ലെ 2-1 തീരുമാന പ്രകാരം മാലിന്യ സംസ്കരണത്തിന് ടെണ്ടർ ക്ഷണിക്കുന്നതിന് നിശ്ചയിച്ച മാനദണ്ഡങ്ങൾ പ്രകാരം ടെണ്ടർ ക്ഷണിച്ചു.
പ്രധാന മാനദണ്ഡങ്ങൾ ചുവടെ കൊടുക്കുന്നു.

1. മാലിന്യ ശേഖരണ സംസ്കരണര രംഗത്തെ ഗവ. അംഗീകൃത സംഘടനകൾ/ട്രസ്റ്റുകൾ/വ്യക്തികൾ ആയിരിക്കണം (രേഖകൾ ഹാജരാക്കണം).

2. ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ നിന്നുമുള്ള മാലിന്യം ശേഖരിച്ച് സെക്രട്ടറി നിശ്ചയിച്ചിട്ടുള്ള ദിവസങ്ങളിൽ കൃത്യമായും പൂർണ്ണമായും നീക്കം ചെയ്തിരിക്കണം.

3. മാലിന്യ ശേഖരണ സംസ്കരണ രംഗത്ത് പ്രവർത്തി പരിചയവും കഴിവും തെളിയിച്ചവരായിരിക്കണം.

4. ശാസ്ത്രീയവും പരാതിരഹിതവുമായി മാലിന്യം (ജൈവ/അജൈവ) സംസ്കരിക്കുന്നതിന് സ്ഥലവും അനുബന്ധ സൗകര്യങ്ങളും ഉള്ളവരായിരിക്കണം (രേഖകൾ ഹാജരാക്കണം).

ടെണ്ടറിൽ പങ്കെടുത്ത ശ്രീ. മനോജ് പി.എൻ, പുന്നമൂട്ടിൽ, തടിയമ്പാട് ക്വോട്ട് ചെയ്ത പ്രതിദിനം ₹2,778/- എന്ന തുക സ്റ്റിയറിംഗ് കമ്മിറ്റിയുടെ 13.04.2021-ലെ തീരുമാനം നം. 1 പ്രകാരം അംഗീകരിക്കുകയും ചെയ്തു. 2020-21 സാമ്പത്തിക വർഷം മാലിന്യ സംസ്കരണത്തിനായി ₹4,30,590/- ചെലവഴിച്ചിട്ടുണ്ട്. കൂടാതെ, പഞ്ചായത്ത് കമ്മിറ്റിയുടെ 22.10.2021-ലെ തീരുമാനം 5-3 പ്രകാരം മാലിന്യ സംസ്കരണത്തിന് 2020-21 സാമ്പത്തിക വർഷം ആവിഷ്കരിച്ച പ്രോജക്ടിന്റെ അടങ്കൽ ₹4,30,860/- ആണെന്നും എന്നാൽ, തുക തികയാതെ വരുന്നതിനാൽ ₹4,99,000/- തനത് ഫണ്ടിൽ നിന്നും വകയിരുത്തി മറ്റൊരു പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടെങ്കിലും തിരഞ്ഞെടുപ്പ് ആയതിനാൽ അംഗീകാര നടപടികൾ സ്വീകരിക്കുന്നതിന് കാലതാമസം നേരിടുന്നതിനാലും മാലിന്യ സംസ്കരണം അനിവാര്യ ചുമതലയായതിനാലും ശ്രീ. മനോജുമായി 31.03.2021 വരെ കരാർ നല്കിയിട്ടുള്ളതിനാലും പുതിയൊരു സംവിധാനം നിലവിൽ വരുന്നതുവരെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിനും തീരുമാനിച്ച സ്റ്റിയറിംഗ് കമ്മിറ്റിയുടെ 14.09.2020-ലെ തീരുമാനം-7 അംഗീകരിച്ചു. തനത് ഫണ്ടിൽ നിന്നും ₹4,99,251/-രൂപയും ചെലവഴിച്ചിട്ടുണ്ട്. മാലിന്യ നിർമാർജനത്തിനായി 2020-21 ൽ ആകെ ₹9,29,841/- ചെലവഴിച്ചിട്ടുള്ളത്.

ഫയലുകൾ പരിശോധിച്ചതിൽ ശ്രീ. മനോജ് പി.എൻ ടെണ്ടറിൽ ഉൾപ്പെടുത്തിയിരിക്കുന്ന ചുവടെ കൊടുത്തിരിക്കുന്ന അപാകങ്ങൾ ഉണ്ട്.

1. മാലിന്യ ശേഖരണ സംസ്കരണര രംഗത്തെ ഗവ. അംഗീകൃത സംഘടനകൾ/ട്രസ്റ്റുകൾ/വ്യക്തികൾ ആയിരിക്കണമെന്ന രേഖ ഹാജരാക്കിയിട്ടില്ല

2. ശാസ്ത്രീയവും പരാതി രഹിതവുമായി മാലിന്യം (ജൈവ/അജൈവ) സംസ്കരിക്കുന്നതിന് സ്ഥലവും അനുബന്ധ സൗകര്യങ്ങളും ഉള്ളവരായിരിക്കണമെന്ന രേഖ ഹാജരാക്കിയിട്ടില്ല.

3. മാലിന്യ സംസ്കരണത്തിന് പ്രതിദിനം ₹2,778/-നിരക്കിൽ ഒരു വർഷം ഏകദേശം 10 ലക്ഷം ചെലവാകുമെന്ന് അറിയാമെന്നിരിക്കെ കേവലം ₹4,30,860/-യുടെ അടങ്കലിൽ പ്രോജക്ട് തയ്യാറാക്കിയത് ഇ-ടെണ്ടർ സംവിധാനത്തിൽ നിന്നും ഒഴിവാകുന്നതിനും മത്സരാധിഷ്ഠിത ടെണ്ടർ സംവിധാനത്തിൽ നിന്നും ഒഴിവാകുന്നതിനുമാണ്.

4. പഞ്ചായത്തിലെ പ്രമുഖ കേന്ദ്രങ്ങളിലെ മാലിന്യം ശേഖരിക്കുന്നിന് നിയോഗിച്ചിട്ടുള്ള ജീവനക്കാർ ശേഖരിക്കുന്ന മാലിന്യം നീക്കുന്നതിന് മാത്രമാണ് പ്രതിദിനം ₹2,778/- നിരക്കിൽ തുക അനുവദിച്ചിട്ടുള്ളത്.

5. തനത് ഫണ്ട് ഉപയോഗിച്ച് മാലിന്യ സംസ്കരണം നടത്തുന്നതിന് പ്രോജക്ട് തയ്യാറാക്കിയിട്ടില്ല

പഞ്ചായത്ത് നിശ്ചയിച്ച നിബന്ധനകളിൽ നിന്നും വ്യതിചലിച്ച് കരാർ അംഗീകരിച്ചതിനും തുക നൽകിയതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-27 പി.എച്ച്.സി-യ്ക്ക് മരുന്ന് വാങ്ങൽ- സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

വാഴത്തോപ്പ് പി.എച്ച്.സി.-ക്ക് വേണ്ടി മരുന്നുകൾ വാങ്ങുന്നതിന് 2020-21 സാമ്പത്തിക വർഷം ₹2,50,000/- ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ടി തുകയുടെ മരുന്നുകളുടെ സ്വീകരണ വിതരണ വിവരങ്ങൾ രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഓഡിറ്റ് കാലയളവിലെ മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ ലഭ്യമല്ല എന്നാണ് മറുപടി നൽകിയത്. നിലവിൽ മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നു എന്നും അറിയിച്ചു. ഓഡിറ്റ് കാലയളവിൽ വാങ്ങിയ മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-28 തെരുവ് വിളക്കുകൾ വാങ്ങൽ-സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

2020-21 സാമ്പത്തിക വർഷം ₹13,84,386/-യുടെ തെരുവ് വിളക്കുകൾ ക്രൂസ് മുഖാന്തിരം വാങ്ങിയിട്ടുണ്ട്. 2010-ലെ പ്രൊക്യർമെന്റ് മാന്വൽ പ്രകാരം സാമ്പത്തിക വർഷാരംഭത്തിൽ തന്നെ ആ വർഷം വാങ്ങേണ്ട സാധനങ്ങളുടെ ആവശ്യകതയും എണ്ണവും ഇനവും നിശ്ചയിക്കേണ്ടതും അതിന്റെയടിസ്ഥാനത്തിൽ വാങ്ങലുകൾ നടത്തേണ്ടതുമാണ്. കൂടാതെ, പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015-ലെ ജി2-44274/2015 ഉത്തരവ് പ്രകാരം തെരുവ് വിളക്കുകൾ വാങ്ങുമ്പോൾ രേഖപ്പെടുത്തുന്നതിന് സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 07.07.2010-ലെ 43472/ഡി.സി.3 സർക്കുലർ പ്രകാരം ഓരോ മീറ്ററിംഗ് പോയിന്റിനും പ്രത്യേക കൺസ്യൂമർ നമ്പർ നൽകണമെന്നും നിർദേശിച്ചിട്ടുണ്ട്. എന്നാൽ, മേൽ മാനദണ്ഡങ്ങൾ പാലിക്കാതെയാണ് പഞ്ചായത്തിൽ തെരുവ് വിളക്കുകൾ വാങ്ങിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്കുകൾ സംബന്ധിച്ച തുകയൊടുക്കുന്ന വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ ഒഴികെയുള്ള രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല. വാങ്ങിയ തെരുവ് വിളക്കുകൾ ഇൻസ്റ്റാൾ ചെയ്തതായി കെ.എസ്.ഇ.ബി-യുടെ സാക്ഷ്യപത്രം ഉണ്ടെങ്കിലും വാങ്ങിയ തെരുവ് വിളക്കുകൾ സ്റ്റോക്കിൽ എടുത്തിട്ടില്ല. ഏതെല്ലാം ഭാഗങ്ങളിലാണ് തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടുള്ളതെന്ന് വ്യക്തമല്ല. തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 16.09.2011-ലെ 3055/ഡി.എ.3/2011, 29.05.2018ലെ 269/ഡി.എ.3/2018 സർക്കുലറുകളിലെ നിർദേശങ്ങളും പാലിക്കേണ്ടതാണ്. പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. വാങ്ങിയ തെരുവ് വിളക്കുകൾ സ്റ്റോക്കിലെടുത്തതിന്റെയും ഇൻസ്റ്റാൾ ചെയ്തതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1-29 തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി-സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി ₹7,52,131/- 2020-21 സാമ്പത്തിക വർഷം ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015-ലെ ജി2-44274/2015 ഉത്തരവ് പ്രകാരം തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് കേടായ സാധനങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിന് രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ്, അറ്റകുറ്റപ്പണികൾ നടത്തുന്നതിന് മെയിന്റനൻസ് രജിസ്റ്റർ എന്നീ രജിസ്റ്ററുകൾ പരിപാലിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. എന്നാൽ, സർക്കുലറിൽ നിർദേശിച്ചിട്ടുള്ള മാദണ്ഡങ്ങൾ പാലിക്കാതെയാണ് തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി നടത്തിയിട്ടുള്ളത്. തെരുവ് വിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച് മോണിറ്ററിംഗും നടത്തുന്നില്ല. തെരുവ് വിളക്കുകളുമായി ബന്ധപ്പെട്ട മേൽ ഉത്തരവിലെയും സർക്കുലറിലെയും നിർദേശങ്ങൾ പാലിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 16.09.2011-ലെ 3055/ഡി.എ.3/2011, 29.05.2018ലെ 269/ഡി.എ.3/2018 സർക്കുലറുകളിലെ നിർദേശങ്ങളും പാലിക്കേണ്ടതാണ്. പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1-30 പാലിയേറ്റീവ് കെയർ-ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) നിർവ്വഹണ അധികാരിയായി 2020-21 സാമ്പത്തിക വർഷം നടപ്പാക്കിയ പാലിയേറ്റീവ് പരിചരണം എന്ന പദ്ധതിയുടെ ചെലവ് പരിശോധനക്ക് ആവശ്യമായ പാലിയേറ്റീവ് മരുന്നുകളുടെയും ഉപകരണങ്ങളുടെയും വിവരങ്ങൾ രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ, രോഗികളുടെ ഗൃഹസന്ദർശനം നടത്തിയതിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയ ഹോം കെയർ റിപ്പോർട്ട് ബുക്ക് എന്നിവ പരിശോധനക്ക് ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഓഡിറ്റ് എൻക്വയറി 16/15.07.2021 മറുപടി നൽകിയില്ല. ടി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

ചെലവ് വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

ക്രമ നം.	പ്രോ. നം.	പേര്	ബിൽ നം./തിയതി	തുക ₹
1	133/2020	പാലിയേറ്റീവ് കെയർ	55/2020-21, 19.06.2020	30500
			68/2020-21, 19.07.2020	35070
			99/2020-21, 23.08.2020	61949
			115/2020-21, 23.09.2020	30595
			157/2020-21, 21.10.2020	31554
			197/2020-21, 07.01.2021	31975
			230/2020-21, 19.01.2021	94896
			323/2020-21, 10.03.2021	71368
			465/2020-21, 31.03.2021	112093
2	203/2020	പാലിയേറ്റീവ് പരിചരണം	21/2020-21, 11.04.2020	121870
			ആകെ	621870

1-31 ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ - തുക നിക്ഷേപിച്ചിട്ടും മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല

2020-21 സാമ്പത്തിക വർഷത്തിൽ മരുന്ന് വാങ്ങൽ പദ്ധതിക്കായി കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് എന്ന സ്ഥാപനത്തിന് 06/07/2020 തീയതിയിൽ NEFT മുഖേന ₹1,50,000/- നൽകിയിരുന്നു. എന്നാൽ 2020-21 സാമ്പത്തിക വർഷം ആകെ ₹1,15,054/-യുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (എൻക്വയറി നം. 15/15.07.2021) ബാക്കി തുകയുടെ

മരുന്നുകൾ ലഭ്യമാക്കുന്നതിന് ടി സ്ഥാപനത്തിന് കത്ത് അയച്ചതായി മറുപടി നൽകിയിട്ടുണ്ട്. ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിൽ ചേർത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-32 തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ്-സർക്കാർ നിർദേശം പാലിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജായി 2020-21 സാമ്പത്തിക വർഷം ₹7,30,043/- കേരള സംസ്ഥാന വിദ്യുത്ച്ഛക്തി ബോർഡിൽ ഒടുക്കിയിട്ടുണ്ട്. പ്രതിമാസം ശരാശരി ₹60,836/- യാണ് തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ പഞ്ചായത്ത് ഒടുക്കുന്നത്. കെ.എസ്.ഇ.ബി യുമായി ചേർന്ന് സർക്കാർ നിർദേശങ്ങൾ പാലിച്ച് സംയുക്ത പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ജി2-44274/2015 ഉത്തരവ് പ്രകാരം വാർഡ് മെമ്പർ ചെയർമാനായ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കണമെന്നും കമ്മിറ്റി മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേർന്ന് തെരുവ് വിളക്കുകളുടെ പ്രവർത്തനം അവലോകനം ചെയ്യേണ്ടതും ആവശ്യമായ നിർദേശങ്ങൾ നൽകേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്കുകൾ സംബന്ധിച്ച തുകയൊടുക്കുന്ന വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ ഒഴികെയുള്ള രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല.

1-33 അസാധാരണ ചെലവുകൾ-സർക്കാർ നിർദേശങ്ങൾ പാലിക്കുന്നില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങളിലെ നിബന്ധനകൾ പാലിക്കാതെയാണ് ഗ്രാമപഞ്ചായത്ത് 2019-20-ൽ ചെലവ് നടത്തിയത്. ചട്ടം 4(1) പ്രകാരം മുൻ വർഷത്തെ മിച്ച ഫണ്ടിന്റെ ഇരുപത് ശതമാനം വരെയോ എന്നാൽ പരമാവധി ഒരു ലക്ഷം രൂപയോ ആണ് ഒരു വർഷം ചെലവഴിക്കാവുന്നത്. കൂടാതെ, 17.12.2015ലെ 451/എഫ്.എം.2/2015/തസ്വഭവ. സർക്കുലർ പ്രകാരം ഗ്രാമപഞ്ചായത്തുകൾ അസാധാരണ ചെലവുകളുടെ പൊതു പരിധി കർശനമായി പാലിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന് അസാധാരണ ചെലവിൽ ഉൾപ്പെടുത്താവുന്ന ഇനങ്ങൾ ചട്ടം 3(1)ൽ നിഷ്കർഷിച്ചിട്ടുണ്ട്. പഞ്ചായത്ത് ഫണ്ടിൽ നിന്നുള്ള ഏതൊരു അസാധാരണ ചെലവും പഞ്ചായത്തിന്റെ മൊത്തം അംഗസംഖ്യയുടെ പകുതിയിൽ കുറയാത്ത അംഗങ്ങൾ പിന്താങ്ങിയിട്ടുള്ള ഒരു പ്രമേയത്തിന്റെ അടിസ്ഥാനത്തിലാവണമെന്ന് ചട്ടം 3(2)ലും അസാധാരണ ചെലവുകളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി രജിസ്റ്റർ സൂക്ഷിക്കണമെന്ന് ചട്ടം 5-ലും അസാധാരണ ചെലവുകളുടെ കണക്കുകൾ ഗ്രാമസഭയിൽ അവതരിപ്പിക്കണമെന്ന് ചട്ടം 8-ലും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്ത് 2020-21 സാമ്പത്തിക വർഷം ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള പരിധി ലംഘിച്ച് ₹5,28,832/- അസാധാരണ ചെലവുകൾക്കായി വിനിയോഗിച്ചിട്ടുണ്ട്. പ്രകൃതിക്ഷോഭത്തെ തുടർന്ന് അനിവാര്യമാകുന്ന അടിയന്തിര ദുരിതാശ്വാസ നടപടികൾക്ക് തുക ചെലവഴിക്കാമെന്ന് ചട്ടം 3(1)(Xiii)ൽ പറഞ്ഞിട്ടുണ്ട്. എന്നാൽ, വൗച്ചറുകൾ പരിശോധിച്ചതിൽ അടിയന്തിര സ്വഭാവം ഇല്ലാത്ത പ്രവർത്തനങ്ങൾക്കും മറ്റുമാണ് അസാധാരണ ചെലവുകളായി കണക്കാക്കി തുക ചെലവഴിച്ചിട്ടുണ്ട്. കൂടാതെ, ചട്ടം 3(2), 5, 8 എന്നിവയിലെ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് തുക ചെലവഴിച്ചിട്ടുള്ളത്. 2011-ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടം, സർക്കാർ നിർദേശങ്ങൾ എന്നിവ പാലിക്കാതെ അസാധാരണ ചെലവുകൾ നടത്തിയതിന് വിശദീകരണം നൽകേണ്ടതാണ്. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

1-34 എസ്.എസ്.എ വിഹിതം ഒടുക്കൽ-വിനിയോഗ വിവരം ലഭ്യമല്ല

സർവ്വ ശിക്ഷാ അഭിയാൻ പദ്ധതിയുടെ ഗ്രാമപഞ്ചായത്ത് വിഹിതമായി ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹5,50,000/- എസ്.എസ്.എ ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്ററുടെ പേരിലുള്ള അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് ഗ്രാമപഞ്ചായാത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

ക്രമ നം	പ്രോ. നം	പേര്	ബിൽനം/തിയതി	തുക ₹
1	2/2020	എസ്.എസ്.എ വിഹിതം നൽകൽ (ജനറൽ)	101/2019-20/08.09.2019	350000
2	5/2020	എസ്.എസ്.എ വിഹിതം നൽകൽ (പട്ടികജാതി)	102/2019-20/08.09.2019	100000
3	9/2020	എസ്.എസ്.എ വിഹിതം നൽകൽ (പട്ടികവർഗ്ഗം)	103/2019-20/08.09.2019	100000
			ആകെ	550000

തുകയുടെ വിശദമായ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

1-35 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പഞ്ചായത്ത്തലത്തിൽ 12 യൂത്ത് വോളന്റിയർമാർക്ക് പരിശീലനം നൽകി നിയമിച്ചിട്ടുണ്ട്. ഹെൽപ്ഡസ്ക്/വാർ റൂം രൂപീകരിച്ചിട്ടുണ്ട്. വിവിധ പ്രതിരോധ പ്രവർത്തനങ്ങൾക്കായി തനത്ഫണ്ടിൽ നിന്നും ₹7,43,492/- ചെലവഴിച്ചിട്ടുണ്ട്. 16.07.2020-ലെ സ.ഉ.(സാധാ)നം.1364/2020/ത.സ്വ.ഭ.വ. പ്രകാരം എഫ്.എൽ.ടി.സി.-കളുടെ രൂപീകരണത്തിനും പ്രവർത്തനത്തിനുമായി 22.07.2020-ൽ മാനേജിംഗ് കമ്മിറ്റിയും കോർ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. ഗവ. എഞ്ചിനീയറിംഗ് കോളേജ്, ഗവ. മെഡിക്കൽകോളേജ് എന്നിവയുടെ കെട്ടിടങ്ങൾ ഉപയോഗിച്ച് 2 എഫ്.എൽ.ടി.സി.-കൾ രൂപീകരിച്ചു.

എഫ്.എൽ.ടി.സി.-കളുടെ പ്രവർത്തനത്തിനായി ജില്ലാ ദുരന്തനിവാരണ അതോറിറ്റിയിൽ നിന്നും തൻവർഷം ₹40,00,000/- ലഭിക്കുകയും ഈ തുക മാനേജിംഗ് കമ്മിറ്റിയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയും ചെയ്തിട്ടുണ്ട്. ലെഡ്ജർ പ്രകാരം ₹40,00,000/-യും ട്രാൻസ്ഫർ ചെയ്തിട്ടുണ്ടെങ്കിലും വാർഷിക കണക്കുകൾ പ്രകാരം ₹20,00,000/- മാത്രമേ ചെലവഴിച്ചതായി കാണുന്നുള്ളൂ. അപാകത പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. 25 പൾസ് ഓക്സിമീറ്ററുകൾ സംഭാവനയായി ലഭിച്ചിട്ടുണ്ട്. 26.03.2020-ലെ സ.ഉ(സാധാ)നം.713/2020/ത.സ്വ.ഭ.വ. പ്രകാരം 2 ദിവസ വേതന ജീവനക്കാരെ നിയോഗിച്ച് ഒരു കമ്മ്യൂണിറ്റി കിച്ചൺ നടത്തി വരുന്നു. ഇതിന്റെ പ്രവർത്തനത്തിനായി തൻവർഷം ₹1,30,127/- ചെലവഴിച്ചിട്ടുണ്ട്. സംഭാവനയായി സാധനങ്ങളോ, തുകയോ ലഭിച്ചിട്ടില്ല. തരിശുഭൂമി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നിലമൊരുക്കി കൃഷിഭവൻ വഴി വിത്തുകളും തൈകളും വിതരണം ചെയ്തു. എഫ്.എൽ.ടി.സി.-കളുടെ പ്രവർത്തനത്തിന് കൈമാറിയ തുകയുടെ വിനിയോഗ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്കുള്ള പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടില്ല. ഫസ്റ്റ് ബെൽ പഠന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടില്ല.

1-36 സ്ഥിര നിക്ഷേപം

13.10.2017-ൽ ₹8,00,000/- 24 മാസ കാലാവധിയിൽ പഞ്ചായത്ത് എംപ്ലോയീസ് സഹകരണ സംഘത്തിൽ (നെടുങ്കണ്ടം) നിക്ഷേപിച്ചിട്ടുണ്ട്.

എന്നാൽ കാലാവധി പൂർത്തിയായിട്ടും തുക പുതുക്കി നിക്ഷേപിച്ചിട്ടില്ല. താമസംവിന സ്ഥിര നിക്ഷേപം പുതുക്കി നിക്ഷേപിക്കേണ്ടതാണ്. നിക്ഷേപങ്ങളുടെ വിശദ വിവരങ്ങൾ ഖണ്ഡിക 4-6-ൽ ചേർത്തിട്ടുണ്ട്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

3-1 താന്നിക്കണ്ടം തിയേറ്റർ പടി റോഡ് -കരാറുകാരന് അധികം തുക നൽകി

നിർവ്വഹണ ഉദ്യോഗസ്ഥൻ	അസി.എഞ്ചിനിയർ	
പ്രോജക്ട് നം.	102/21	
കരാറുകാരൻ	സുരേഷ് കെ.ആർ	
അളവുബുക്ക്	192/20-21	
പദ്ധതി അടങ്കൽ	₹8,49,464/-(സംരക്ഷണ ഗ്രാന്റ് റോഡ്)	
പദ്ധതി ചെലവ്	ബിൽ നം/തീയതി	തുക ₹
	20100652511801106 93/19.02.21	₹6,27,459/-
	20100652011801412016/28.3.21	₹2,21,880/-

താന്നിക്കണ്ടം തിയേറ്റർ പടി റോഡ് എന്ന പ്രവൃത്തിയുടെ ആകെ മൂല്യം ₹7,58,378/-യാണ്. ഒന്നാം പാർട്ട് ബിൽ പ്രകാരവും അന്തിമ ബിൽ പ്രകാരവും കരാറുകാരന് നൽകിയ തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഒന്നാം പാർട്ട് ബിൽ പ്രകാരം അനുവദിച്ച തുക ₹		അന്തിമ ബിൽ പ്രകാരം നൽകിയ തുക ₹	
ആകെ പ്രവൃത്തിമൂല്യം	576500	ആകെ പ്രവൃത്തിമൂല്യം	758338
(+)12% ജി.എസ്.ടി	69180	(+)12% ജി.എസ്.ടി	91001
	645730		849339
(-)കാലി വീപ്പയുടെ വില(16*238)	3808	(-) ഒന്നാം പാർട്ട് ബിൽ	627459
(-)2.5% റീട്ടെൻഷൻ	14413		221880
	627459	(-) നിർമ്മാണ തൊഴിലാളി ക്ഷേമനിധി (ഒന്നാം പാർട്ട് ബില്ലിനുശേഷമുള്ള പ്രവൃത്തി മൂല്യമായ ₹181838/-യുടെ 1%)	1818
(-) ഐ.ടി 1%	5765	(-) ഐ.ടി 1%	1818
(-)ജി.എസ്.ടി 2%	11530	(-)ജി.എസ്.ടി 2%	3636
(-) നിർമ്മാണ തൊഴിലാളി ക്ഷേമനിധി 1%	5765		
കരാറുകാരന് നൽകിയ തുക	604399	കരാറുകാരന് നൽകിയ തുക	₹214608/-

പാർട്ട് ബിൽ പ്രകാരവും അന്തിമ ബിൽ പ്രകാരവും കരാറുകാരന് നൽകിയ ആകെ തുക ₹8,19,007/-(604399+214608) ആണ്. കരാറുകാരന് അനുവദിക്കാവുന്ന തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ആകെ പ്രവൃത്തി മൂല്യം	₹758338
(+)12% ജി.എസ്.ടി	91001
	849339
(-)കാലി വീപ്പയുടെ വില	3808
(-)തൊഴിലാളി ക്ഷേമനിധി	7583
(-)ഐ.ടി	7583
(-) ജി.എസ്.ടി	15166
കരാറുകാരന് നൽകാവുന്ന തുക	815199

കരാറുകാരന് അധികം നൽകിയ ₹3,808/-(819007-815199) ഉത്തരവാദിയായ അസി. എഞ്ചിനിയറിൽ നിന്നും ഈടാക്കേണ്ടതാണ്.

3-2 നെല്ലിപ്പുഴക്കവല കുടിവെള്ള പദ്ധതി-ടെണ്ടർ കിഴിവ് വരുത്താത്തതുമൂലം കരാറുകാരന് അധികം തുക നൽകി

നിർവ്വഹണ ഉദ്യോഗസ്ഥൻ	അസി.എഞ്ചിനിയർ	
പ്രോജക്ട് നം	244/21	
കരാറുകാരൻ	കെ.കെ കൃഷ്ണൻ	
അളവുബുക്ക്	421/19-20&426/19-20	
പദ്ധതി അടങ്കൽ	₹3,82,400/-(വികസന ഫണ്ട് എസ്.സി.പി)	
പദ്ധതി ചെലവ്	ബിൽ നം/തീയതി	തുക ₹
	20100652011800215246/29.5.20	₹3,80,855/-

വൈദ്യുതീകരണ വേലകൾ ഉൾപ്പെടുന്ന നെല്ലിപ്പുഴ കവല കുടിവെള്ള പദ്ധതിയുടെ ആകെ പ്രവൃത്തി മൂല്യമായ₹3,36,285/-യിൽ നിന്നും കരാറുകാരൻ ക്വോട്ട് ചെയ്ത 1% ടെണ്ടർ കിഴിവ് വരുത്താത്തതുമൂലം ₹3,630/-അധികം നൽകിയിട്ടുണ്ട്.വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

കരാറുകാരന് നൽകിയ തുക ₹		കരാറുകാരന് നൽകാവുന്ന തുക ₹	
ആകെ പ്രവൃത്തിമൂല്യം	336285	ആകെ പ്രവൃത്തിമൂല്യം	336285
(+)12% ജി.എസ്.ടി	40354	(-)1% ടെണ്ടർ കിഴിവ്	3363
(+) Remuneration Charge	4216	(+)12% ജി.എസ്.ടി	39951
	380855		372873

(-)ചെക്ക് മെഷർമെന്റ്	1054	(+) Remuneration Charge	4216
(-)സൂപ്പർവിഷൻ ചാർജ്ജ്	3162		377089
(-) ഐ.ടി 1%	3363	(-)ചെക്ക് മെഷർമെന്റ്ക	1054
(-)ജി.എസ്.ടി 2%	6726	(-)സൂപ്പർവിഷൻ ചാർജ്ജ്	3162
		(-) ഐ.ടി 1%	3329
(-) നിർമ്മാണ തൊഴിലാളി ക്ഷേമനിധി 1%	3363	(-) നിർമ്മാണ തൊഴിലാളി ക്ഷേമനിധി 1%	3329
		(-)ജി.എസ്.ടി 2%	6658
കരാറുകാരന് നൽകിയ തുക	363187	കരാറുകാരന് നൽകാവുന്ന തുക	359557

കരാറുകാരന് അധികം നൽകിയ ₹3,630/-(363187-359557) ഉത്തരവാദിയായ അസി. എഞ്ചിനിയറിൽ നിന്നും ഈടാക്കേണ്ടതാണ്.

3-3 മലേപ്പറമ്പിൽ പടി റോഡ് ടാറിംഗ്-ടെണ്ടർ കിഴിവ് വരുത്താത്തതു മൂലം കരാറുകാരന് അധികം തുക നൽകി

നിർവ്വഹണ ഉദ്യോഗസ്ഥൻ	അസി.എഞ്ചിനിയർ	
പ്രോജക്ട് നം	76/21	
കരാറുകാരൻ	സുരേഷ് കെ.ആർ	
അളവുബുക്ക്	250/20-21	
പദ്ധതി അടങ്കൽ	₹4,24,286/-(സംരക്ഷണ ഗ്രാന്റ് റോഡ്)	
പദ്ധതി ചെലവ്	ബിൽ നം/തീയതി	തുക
	76/11.03.21	₹4,21,319/-

എസ്റ്റിമേറ്റ് തുകയായ ₹3,78,728/-യിൽ നിന്നും 1.1% കിഴിവ് രേഖപ്പെടുത്തിയ ശ്രീ കെ.ആർ സുരേഷ് കുമാർ എന്ന കരാറുകാരനായിരുന്ന പ്രവൃത്തിയുടെ നിർവ്വഹണ ചുമതല ലഭിച്ചിരുന്നത്. ആകെ പ്രവൃത്തിമൂല്യത്തിൽ നിന്നും ടെണ്ടർ കിഴിവ് വരുത്താത്തതുമൂലം കരാറുകാരന് ₹4,501/- അധികം നൽകിയിട്ടുണ്ട്.വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

കരാറുകാരന് അനുവദിച്ച തുക		കരാറുകാരന് അനുവദിക്കാവുന്ന തുക	
ആകെ പ്രവൃത്തിമൂല്യം	378278	ആകെ പ്രവൃത്തിമൂല്യം	378728
(+)12% ജി.എസ്.ടി	45447	(-)1.1% ടെണ്ടർ കിഴിവ്	4166
	424175		374562
(-)കാലി വീപ്പയുടെ വില(12*238)	2556	(+)12% ജി.എസ്.ടി	44947
(-) ഐ.ടി 1%	3787		419509
(-) നിർമ്മാണ തൊഴിലാളി ക്ഷേമനിധി 1%	3787	(-)കാലി വീപ്പയുടെ വില(12*238)	2556
(-)ജി.എസ്.ടി 2%	7574	(-) നിർമ്മാണ തൊഴിലാളി ക്ഷേമനിധി	3746
		(-) ഐ.ടി 1%	3746
		(-)ജി.എസ്.ടി 2%	7491
കരാറുകാരന് നൽകിയ തുക	401670	കരാറുകാരന് നൽകാവുന്ന തുക	₹401670/-

കരാറുകാരന് അധികം നൽകിയ ₹4,501/(406171-401670) ഉത്തരവാദിയായ അസി. എഞ്ചിനിയറിൽ നിന്നും ഈടാക്കേണ്ടതാണ്.

3-4 കൊല്ലമ്പൻ കോളനി പൈനാവ് റോഡ്-ആകെ പ്രവൃത്തി മൂല്യം എസ്റ്റിമേറ്റ് തുകയിൽ പരിമിതപ്പെടുത്താത്തതുമൂലം കരാറുകാരന് അധികം തുക നൽകി

നിർവ്വഹണ ഉദ്യോഗസ്ഥൻ	അസി.എഞ്ചിനിയർ
പ്രോജക്ട് നം	81/20
പദ്ധതി അടങ്കൽ	₹1,40,000/-
എസ്റ്റിമേറ്റ് തുക	₹1,23,501/-
കരാറുകാരൻ	സജി കെ.എസ്
അളവു ബുക്ക്	404/19-20
ബിൽ നം&തുക	19100652011801595522/20-21/24.3.20

കൊല്ലമ്പൻ കോളനി പൈനാവ് റോഡ്എന്ന പ്രവൃത്തിയുടെ ആകെ മൂല്യം ₹1,25,000/- യാണ്. എസ്റ്റിമേറ്റ് നിരക്കിൽ ഏറ്റെടുത്ത പ്രവൃത്തിയുടെ മൂല്യം എസ്റ്റിമേറ്റ് തുകയിൽ പരിമിതപ്പെടുത്താത്തതുമൂലം കരാറുകാരന് ₹1,619/- അധികം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

കരാറുകാരന് നൽകിയ തുക		കരാറുകാരന് നൽകാവുന്ന തുക	
ആകെ പ്രവൃത്തി മൂല്യം	125000	ആകെ പ്രവൃത്തി മൂല്യം(എസ്റ്റിമേറ്റ് തുകയിൽ പരിമിതപ്പെടുത്തിയത്)	123501
(+)12% ജി.എസ്.ടി	15000	(+)12% ജി.എസ്.ടി	14820
	14000		138321
(-)ഐ.ടി	1250	(-)ഐ.ടി	1235
(-)WWF	1250	(-)WWF	1235
(-)GST	2500	(-)GST	2470
കരാറുകാരന് നൽകിയ തുക	135000	കരാറുകാരന് നൽകിയ തുക	133381

കരാറുകാരന് അധികം നൽകിയ ₹1,619/-(135000-133381) ഉത്തരവാദിയായ അസി.എഞ്ചിനിയറിൽ നിന്നും ഈടാക്കേണ്ടതാണ്.

3-5 തടിയമ്പാട് കമ്മ്യൂണിറ്റി ഹാൾ പൂർത്തീകരണം-തനത് ഫണ്ടിൽ നിന്നും അധികം തുക പിൻവലിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ	അസി. എഞ്ചിനീയർ
പ്രൊജക്ട് നം.	138/20
പദ്ധതി അടങ്കൽ	₹40,00,000/- (തനത് ഫണ്ട്)
കരാറുകാരൻ	ഷൈൻ ടി. ജോസഫ്

അളവ് ബുക്ക്	277/19-20 & 277എ/19-20
ചെക്ക് നം./തീയതി/തുക	651145/10.03.2021 ₹19,46,607/- 651169/21.03.2021 ₹15,76,500/-

തടിയമ്പാട് കമ്മ്യൂണിറ്റി ഹാൾ പൂർത്തീകരണ പ്രവൃത്തികൾ ₹32,71,034.22-ഴ്ക്ക് നടപ്പിലാക്കാമെന്ന വ്യവസ്ഥയിൽ ഏറ്റെടുത്തിട്ടുള്ളത് ശ്രീ. ഷൈൻ ടി. ജോസഫ് എന്ന കരാറുകാരനായിരുന്നു. പ്രസ്തുത പ്രവൃത്തിയുടെ ആകെ മൂല്യമായി നിർണ്ണയിച്ചിരിക്കുന്നത് ₹31,40,869/-യാണ്. പ്രസ്തുത പ്രവൃത്തി മൂല്യത്തിന്റെ അടിസ്ഥാനത്തിൽ കരാറുകാരന് നൽകാവുന്ന തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ആകെ പ്രവൃത്തി മൂല്യം	₹3140869
(+) 12% ജി.എസ്.ടി.	₹376904
തനത് ഫണ്ടിൽ നിന്നും പിൻവലിക്കാവുന്ന തുക	₹3517773

മേൽ സൂചിത ചെക്കുകൾ പ്രകാരം തനത് ഫണ്ടിൽ നിന്നും പിൻവലിച്ചിരിക്കുന്ന തുക ₹35,23,107/- (1946607+1576500) ആണ്. അധികം പിൻവലിച്ച ₹5,334/- (3523107-3517773) ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്. ഒന്നാം പാർട്ട് ബില്ലിൽ 2.5% റീട്ടെൻഷൻ തുക കിഴിവ് ചെയ്യാതെയായിരുന്നു 12% ജി.എസ്.ടി. വിഹിതം കണക്കാക്കിയിരുന്നത്. അന്തിമ ബില്ലിൽ വീണ്ടും റീട്ടെൻഷൻ തുക ഉൾപ്പെടുത്തി 12% ജി.എസ്.ടി. വിഹിതം കണക്കാക്കിയത് മൂലമാണ് അധികം തുക പിൻവലിക്കാനുള്ള സാഹചര്യമുണ്ടായത്.

ഭാഗം -4

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം***

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2020-21	ഓഡിറ്റിനോടൊപ്പം പരിശോധിച്ചു	

4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം ***

സംയുക്ത പദ്ധതി – ജില്ലാപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് വിഹിതം – വരവ്, ചെലവ്, നീക്കിയിരിപ്പ് വിവരങ്ങൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ഖണ്ഡിക (1-11, 1-14) എന്നിവയിൽ പരാമർശിച്ചിട്ടുണ്ട്.

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക ₹	പ്രൊജക്ടിന്റെ പേര്	ചെലവ് ₹	ബാലൻസ് ₹
ജില്ലാപഞ്ചായത്ത്	2020-21	40000	ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (305/21)	40000	0
ബ്ലോക്ക്പഞ്ചായത്ത്	2020-21	60000	ലൈഫ് (എസ്.സി.പി.) 302/21	60000	0
	2020-21	3040000	ലൈഫ് ജനറൽ (125/21)	3040000	0
	2020-21	1400000	ലൈഫ് ഭവന പദ്ധതി (305/21)	1400000	0
	2020-21	20000	വിശപ്പ് രഹിത കേരളം (192/21)	20000	0
	2020-21	500000	ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (182/21)	500000	0

4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

- ഇല്ല -

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

- ഇല്ല -

4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ₹40,60,000/-യുടെ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്	ഉത്തരവ് നം	വായ്പ തുക ₹	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി തുക ₹	തൻവർഷം എടുത്ത വായ്പ ₹	തൻവർഷം തിരിച്ചടച്ച തുക ₹		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കി തുക ₹
					മുതൽ	പലിശ	
ലൈഫ് ഭവന വായ്പ	ജി.ഒ.എം.എസ് നം.68/2018 എൽ.എസ്.ജി.ഡി/ തി.18.05.2018	--	18323451	4060000	2622152	--	19761299
ഇ.എം.എസ്. ഭവന വായ്പ	സ.ഉ.(സാധാ.)1019/09/ തസ്വഭവ./25.03.09	--	21001949	0	3131775	--	17870174

വായ്പ രജിസ്റ്റർ ആനുകാലികമാക്കാത്തതിനാൽ വായ്പ തുകയുടെ കൃത്യത അറിയാൻ കഴിഞ്ഞിട്ടില്ല. വാർഷിക പത്രികയിലെ തുകകളാണ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

4-6 സ്ഥിര നിക്ഷേപം

വർഷാരംഭത്തിൽ ഉള്ള സ്ഥിര നിക്ഷേപം	₹8,00,000
തൻവർഷം നിക്ഷേപിച്ച തുക	ഇല്ല
ആകെ	₹8,00,000
തന്നാണ്ടിൽ പിൻവലിച്ച തുക	ഇല്ല
വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം	₹8,00,000

വർഷാവസാനം നീക്കിയിരിപ്പുള്ള സ്ഥിര നിക്ഷേപത്തിന്റെ വിവരം ചുവടെ ചേർക്കുന്നു

രസീത് നമ്പർ	നിക്ഷേപിച്ച തിയതി	കാലാവധി	പലിശ നിരക്ക്	നിക്ഷേപിച്ചിരിക്കുന്ന സ്ഥാപനം	തുക ₹
1310	13.10.2017	24 മാസം	9 ശതമാനം	പഞ്ചായത്ത് എംപ്ലോയീസ് സഹകരണ സംഘം നെടുങ്കണ്ടം	5 ലക്ഷം
1311	13.10.2017	24 മാസം	9 ശതമാനം		3 ലക്ഷം

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 5,956/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രശീത് നമ്പർ തിയതി
2012-13	3-4	720	മിനിശിവൻ	120050103174/17.2.21
2012-13	3-4	1225	ലൂസമ്മ തങ്കച്ചൻ	-Do-
2012-13	3-4	1225	ജിജി തങ്കച്ചൻ	-Do-
2012-13	3-4	2024	ലൈസാ ജോസ്	-Do-
2012-13	3-4	762	ഷിജി മൈലക്കുഴിയിൽ	-Do-

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം***

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിവരം ചുവടെ ചേർക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം	ഖണ്ഡിക നം.	വിഷയം	ഇപ്പോഴത്തെ അവസ്ഥ
1996-97	3-8	1998	9 III	അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയതിന് അതീതമായി പൊതുമരാമത്ത് പണിക്ക് ചെലവാക്കിയ തുക (മണിപ്പാറ ടൈബൽ കോളനി റോഡ്)	
1997-98	35	1999-2000	-	കാർഷികോപകരണങ്ങൾ വാങ്ങിയതിന് കൂടിയ വില നല്കി	
1997-98	41	1999-2000		പ്രാഥമികാരോഗ്യ കേന്ദ്രം-	

				പണം വകമാറ്റി ചെലവഴിച്ചു	
1999-2000	35	2002-03		മാതൃകാ നേന്ത്രവാഴത്തോട്ടം – സാമ്പത്തിക നഷ്ടം	
2005-06	3-10	2009-10	2-8	നിക്ഷേപ വേലകൾ പൂർത്തീകരിക്കാത്തത്. കെ.എസ്.ഇ.ബി. ഡെപ്പോസിറ്റ് (₹,235,239/-)	
2005-06		2014-15	4.1.4	മൃഗസംരക്ഷണ/ക്ഷീര വികസന മേഖലയിലെ കർമ്മസമിതിയുടെ രൂപീകരണം, പ്രവർത്തനങ്ങൾ മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടില്ല. (വിഷയാധിഷ്ഠിത അവലോകനം)	
2005-06		2014-15	5.7.9	മൃഗാശുപത്രികളിൽ മരുന്നുകളുടെ അപര്യാപ്തം - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഫലപ്രദമായി ഇടപെടുന്നില്ല. (വിഷയാധിഷ്ഠിത അവലോകനം)	
2005-06		2014-15	5(2)	വെറ്ററിനറി സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ - വാഹനസൗകര്യം, ബീജം സൂക്ഷിക്കുന്നതിന് പ്രത്യേകമുറി എന്നിവ ഇല്ല. (വിഷയാധിഷ്ഠിത അവലോകനം)	
2015-16	2-1	2016-17	അനുബന്ധം-5	തൊഴിൽ നികുതി അപാകതകൾ	

4-9 ചാർജ്ജ്/സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

എ) ചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

– ഇല്ല –

ബി) സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

വർഷം	ഖ. നം	ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്	സർചാർജ് സർട്ടിഫിക്കറ്റ്		സ്വയം അടവാക്കിയ തുക, രസീത് നം. തീയതി	റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, തീയതി	കോടതി വ്യവഹാരങ്ങളിൽ		ആകെ ലഭിച്ച തുക ₹	അവശേഷിക്കുന്ന തുക ₹	റിമാർക്സ്
			നമ്പരും തീയതിയും	തുക ₹			ഉൾപ്പെട്ട തുക ₹	ഈടാക്കിയ തുക ₹			
1999-2000	35	ശ്രീ.ജോർജ്ജ് തോമസ് കൃഷി ഓഫീസർ	എൽ.എഫ്. 22158/ സ്പെ. സെൽ/ എസ്. സി.2/03/ 08.01.04 2004/ 04.06.04	18425	18425	-	-		18425	-	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടതിനാൽ ഖണ്ഡിക നിലനിൽക്കുന്നു
1996-1997	8	ശ്രീ.കെ.എ. മത്തായി സെക്രട്ടറി	എൽ.എഫ്. 28312/ സ്പെ. സെൽ/ എസ്. സി.2/ 99 29.12.01	12050	-	-	-		-	12050	-ടി-
1998-1999	29,30, 31	ശ്രീമതി. കെ.എസ്. ഗിരിജ അസി. എഞ്ചി.	എൽ.എഫ്. 20592/ സ്പെ. സെൽ/ എസ്. സി.2/ 02 13.10.03	6165						6165	
2000-2001	33	ശ്രീ.വി. സി. ജോസഫ്	എൽ.എഫ്. 6616/05 09.01.16	964						964	
2000-2001	35(D)	ശ്രീ.ജി. മോഹനൻ നായർ	എൽ.എഫ്. 6616/ 05/ 09.01.16	13560						13560	

1998-1999	27	ശ്രീ.സ്ബി.എൻ. ജെ, ഓവർസിയർ	എൽ, എഫ്. 20592/ സ്പെ. സെൽ/ എസ്. സി.2/02 02.06.03	4063					4063	

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	₹10,88,68,458
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	₹11,09,25,446
വരവിനങ്ങളിലെ നഷ്ടം	ഇല്ല
ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത ചെലവ്	₹18,892
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	ഇല്ല

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നം.	നഷ്ടമായ തുക ₹		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർച്ചാർജ് ചെയ്യാവുന്നവ	
3-1		3808	ശ്രീമതി സിൻസിമാത്യു, അസി.എഞ്ചിനിയർ
3-2		3630	ശ്രീ അമൽ അസി.എഞ്ചിനിയർ
3-3		4501	ശ്രീമതി സിൻസിമാത്യു അസി.എഞ്ചിനിയർ
3-4		1619	ശ്രീ അമൽ അസി.എഞ്ചിനിയർ
3-5		5334	ശ്രീമതി സിൻസിമാത്യു അസി.എഞ്ചിനിയർ

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

– ഇല്ല -

(സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

– ഇല്ല -

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

- ഇല്ല -

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ച നഷ്ടത്തിന്/തടസ്സത്തിനുത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഔദ്യോഗിക മേൽവിലാസവും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീമതി. സിൻസിമാത്യു, അസി. എഞ്ചിനിയർ	അസി.എഞ്ചിനിയർ, വാഴത്തോപ്പ് ഗ്രാമ പഞ്ചായത്ത്	അഴിമുഖം വീട് കഞ്ഞിക്കുഴി പി.ഒ. ഇടുക്കി
ശ്രീ അമൽ, അസി. എഞ്ചിനിയർ	താത്കാലിക നിയമനം	മരത്താനിക്കൽ വീട് തേവരുപാറ പി.ഒ. പൂച്ചപ്ര, ഇടുക്കി

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ ***

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം	ഖണ്ഡിക നം.
1996-97	കെ.എസ്.എ.-ഐ.ഡി.കെ.-6/96/98/ 10.2.98	1	8
1997-98	കെ.എസ്.എ.-ഐ.ഡി.കെ.-6/96/98/ 10.2.98	3	35, 37, 41
1998-99	കെ.എസ്.എ.-ഐ.ഡി.കെ.-6/96/98/ 10.2.98	4	27, 29, 30, 31
1999-00	കെ.എസ്.എ.-ഐ.ഡി.കെ.-6/96/98/ 10.2.98	1	35
2000-01	കെ.എസ്.എ.-ഐ.ഡി.കെ.-6/96/98/ 10.2.98	4	31, 33, 35, 41
2001-02	കെ.എസ്.എ.-ഐ.ഡി.കെ.-6/96/98/	3	12, 16, 18

	10.2.98		
2002-03	കെ.എസ്.എ.-ഐ.ഡി.കെ.-6/96/98/ 10.2.98	5	3-11, 3-12, 3-13, 3-14, 3-17
2003-04	കെ.എസ്.എ.-ഐ.ഡി.കെ.-6/96/98/ 10.2.98	1	2-2(1)
2004-05	കെ.എസ്.എ.-ഐ.ഡി.കെ.-6/96/98/ 10.2.98	3	3-1, 3-5, 3-12
2005-06	കെ.എസ്.എ.-ഐ.ഡി.കെ.-6/96/98/ 10.2.98	7	3-4, 3-5, 3-6, 3-7, 3-9, 3-10, 3-12
2006-07	എൽ.എഫ്.ഐ.13/388/11/03.06.2011	13	2-3, 2-7, 3-1, 3-5, 3-7, 3-9
2007-08	എൽ.എഫ്.ഐ.-13/1100/09.08.2011	27	2-1, 2-14, 3-1, 3-13
2008-09	എൽ.എഫ്.ഐ.-13/1177/11/ 04.01.2014	25	2-1, 2-7, 3-1, 3-18
2009-10	എൽ.എഫ്.ഐ.-13/409/13/15.11.2013	14	2-1, 2-2, 3-1, 3-12
2010-11	എൽ.എഫ്.ഐ.-13/1072/13/ 01.12.2014	18	2-1, 2-6, 3-3, 3-14
2011-12	എൽ.എഫ്.ഐ.-13/487/14/01.12.2014	15	2-2, 2-6, 3-1, 3-5,3-7, 3-11
2012-13	എൽ.എഫ്.ഐ.-13/56/15/10.03.2015	13	2-1, 2-4, 3-1, 3-9
2013-14	എൽ.എഫ്.ഐ.-13/829/16/14.02.2017	15	2-1, 2-3, 3-1, 3-12
2014-15	എൽ.എഫ്.ഐ.-13/139/16/04.02.2017	14	2-1, 2-3, 3-1, 3-11
2015-16	എൽ.എഫ്.ഐ.-13/297/17/26.04.2017	15	2-1, 2-4, 3-1, 3-11
2016-17	എൽ.എഫ്.ഐ.-13/1510/17/05.01.2018	18	1-12, 2-1, 2-2, 2-4, 2-5, 3-1, 3-6, 3-8, 3-12, 3-15
2017-18	കെ.എസ്.എ.ഐ.ഡി.കെ.-13/937/2018 തീയതി 22.10.2018	9	3-1, 3-2, 3-3, 3-5(എ), 3-5(ബി), 3-9, 3-12, 3-13, 3-14
2018-19	കെ.എസ്.എ.ഐ.ഡി.കെ.-13/208/2020 തീയതി. 09.06.2020	16	1-9, 1-11, 1-12, 1-13,1-14, 1-16 മുതൽ 1-25 വരെ. 2-1

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

അനുബന്ധം-1

ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്